# Logos 2019 Study Guide
# Book of Revelation

## യോഹന്നാനു ലഭിച്ച വെളിപാട്

**ആമുഖം**

യേശുക്രിസ്തുവിന്റെ ഉത്ഥാനശോഭയാൽ തിന്മയുടെ നിഴലെല്ലാം അപ്രത്യക്ഷമായി, പ്രപഞ്ചം മുഴുവൻ പ്രോജ്ജ്വലമാകുമെന്നും സകല മാനവരും ദൈവസാന്നിധ്യത്തിന്റെ പുതിയ ജറുസലേമിൽ എത്തിച്ചേരുമെന്നുമുള്ള ക്രൈസ്തവസമൂഹത്തിന്റെ വിജയപ്രതീക്ഷയുടെ ആഖ്യാനമാണ് യോഹന്നാന്റെ വെളിപാടുഗ്രന്ഥം.

ഡൊമിഷ്യൻ ചക്രവർത്തി റോമാസാമ്രാജ്യത്തിന്റെ അധിപനായിരുന്ന കാലത്ത് സാമ്രാജ്യത്തിലെ എല്ലാവരും ''ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവും'' എന്നുവിളിച്ച് തന്നെ ആരാധിക്കണമെന്ന കല്പന പുറപ്പെടുവിച്ചിരുന്നു. അതിനു വിസമ്മതിച്ച ഏഷ്യാമൈനറിലെ ക്രൈസ്തവസമൂഹങ്ങൾ അക്കാരണത്താൽ പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നു. അജയ്യങ്ങളെന്നു കരുതപ്പെടുന്ന തിന്മയുടെ ശക്തികൾക്കു മുന്നിൽ പതറിനില്ക്കുന്ന ക്രൈസ്തവസമൂഹങ്ങൾക്ക് അവ നേരിടാൻ ആത്മധൈര്യം പകരാനാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. ആദ്യനൂറ്റാണ്ടുകളിൽ വ്യാപകമായിരുന്ന മതമർദനങ്ങളുടെ പശ്ചാത്തലത്തിൽ, ആത്യന്തികവിജയം യേശുവിനോടൊത്തുനില്ക്കുന്നവർക്കാണെന്ന ഉൾക്കാഴ്ച പകർന്ന്, ഏഷ്യാമൈനറിലെ ക്രൈസ്തവർക്ക് ആശ്വാസം നല്കാൻ ഗ്രന്ഥകാരൻ ഇവിടെ ശ്രമിക്കുന്നു.

ദാനിയേൽപ്രവാചകന്റെ ഗ്രന്ഥത്തിൽ കാണുന്ന അപ്പോക്കലിപ്റ്റിക്ക്ശൈലിയുടെ സ്വാധീനം വെളിപാടുഗ്രന്ഥത്തിലുണ്ട്. തിന്മയുടെ മേലുള്ള ദൈവത്തിന്റെ ആത്യന്തികവിജയം കീർത്തിക്കുന്ന ഈ സാഹിത്യശൈലി മതമർദനങ്ങളുടെ കാലത്താണ് വളർന്നുവന്നത്. പഴയനിയമപ്രവചനഗ്രന്ഥങ്ങളുടെ നിർണായകസ്വാധീനവും വെളിപാടുഗ്രന്ഥത്തിലുണ്ട്. പഴയനിയമപ്രവചനങ്ങളുടെ പരിസമാപ്തിയാണ് ഗ്രന്ഥകാരൻ ഇവിടെ ചിത്രീകരിക്കുന്നത്. ഇതുകൊണ്ടത്രേ വെളിപാടിനെ ഒരു പ്രവചനഗ്രന്ഥമായി കാണുന്നത്. നാനൂറിൽപരം പഴയനിയമഗ്രന്ഥസൂചനകളുള്ള വെളിപാട്, ഇസ്രായേൽജനതയ്ക്ക് ദൈവംനല്കിയ വാഗ്ദാനങ്ങളുടെയും മിശിഹാരാജ്യത്തെ സംബന്ധിക്കുന്ന അവരുടെ പ്രതീക്ഷകളുടെയും പരിപൂർത്തിയായി കാണാം. വെറും ബുദ്ധിവ്യാപാരംകൊണ്ട് സ്ഥാപിക്കാൻ സാധിക്കാത്ത ദൈവികസത്യങ്ങൾ പ്രതീകങ്ങളിലൂടെ ഈ അപ്പോക്കലിപ്റ്റിക്ക്ഗ്രന്ഥം വിശ്വാസികൾക്കു പകർന്നുനല്കുന്നു. യോഹന്നാന്റെ മൗതിക ദർശനമായി വെളിപാടുഗ്രന്ഥത്തെ കാണാവുന്നതാണ്.

ഏഷ്യാമൈനറിൽ എഫേസോസിനടുത്തുള്ള പാത്മോസ് ദ്വീപിൽവച്ചാണ് യോഹന്നാൻ ശ്ലീഹായ്ക്ക് ദർശനം ലഭിച്ചത് (1,9.10). ഇദ്ദേഹം യേശുവിന്റെ പ്രേഷ്ഠശിഷ്യനായിരുന്ന യോഹന്നാൻ തന്നെയാണെന്നാണ് പണ്ഡിതമതം. വെളിപാടുഗ്രന്ഥത്തിന്റെ രചനയാകട്ടെ, ശ്ലീഹായുടെ ശിഷ്യരിലാരോ ഡൊമിഷ്യൻ ചക്രവർത്തി റോമാസാമ്രാജ്യം ഭരിച്ചിരുന്നതിന്റെ അവസാനനാളുകളിൽ, ഏഷ്യാമൈനറിന്റെ പടിഞ്ഞാറൻതീരങ്ങളിൽ എവിടെയോ വച്ച് നടത്തിയതാണ്. അതിനാൽ സുവിശേഷകനായ യോഹന്നാന്റെ പാരമ്പര്യത്തിൽപ്പെടുന്നതാണ് ഈ ഗ്രന്ഥം എന്നു കണക്കാക്കാം.

വെളിപാടിലെ പ്രധാനാശയങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം: സർവശക്തനും സിംഹാസന സ്ഥനുമായ ദൈവമാണ് ലോകത്തിന്റെ യഥാർഥനാഥൻ. ദൈവസന്നിധിയിൽ തിന്മയ്ക്ക് നിലനില്പില്ല. ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു തന്റെ പീഡാനുഭവ-മരണ-ഉത്ഥാന ങ്ങളിലൂടെ തിന്മയുടെ ശക്തികളെ ജയിച്ചിരിക്കുന്നു. തിന്മയുടെ ശക്തികൾ ലോകാവസാ നംവരെ ഭീകരരൂപംപൂണ്ട് പോരാടുമെങ്കിലും അന്തിമവിജയം ദൈവത്തിന്റേതും ക്രിസ്തു വിന്റേതുമായിരിക്കും. ക്രിസ്തുവിനു സാക്ഷ്യംനല്കുന്നവരിലൂടെ ക്രിസ്തുവിന്റെ ഉത്ഥാന പ്രഭയാൽ ലോകംമുഴുവൻ പൂരിതമാകും. വിധിദിനത്തിന്റെ ഭീകരദൃശ്യങ്ങളാൽ നമ്മെ ഭയ പ്പെടുത്താനല്ല, മറിച്ച്, ക്രിസ്തുവിന്റെ വിജയത്താൽ നമ്മെ പ്രത്യാശാഭരിതരാക്കാനാണ് വെളിപാടുഗ്രന്ഥം വിരചിതമായിരിക്കുന്നത്. ദൈവപിതാവിനോടും ക്രിസ്തുവിനോടും ചേർന്ന് മാനവരൊന്നായി വാഴുന്ന, തിന്മയും മരണംതന്നെയും അപ്രത്യക്ഷമാകുന്ന പുതിയലോകമാണ് വെളിപാടിലെ സമാപനദർശനം.

**ഘടന**

വെളിപാടുഗ്രന്ഥത്തിലെ സങ്കീർണതകൾ നിറഞ്ഞ ഘടന ലളിതമായി ഇപ്രകാരം അവത രിപ്പിക്കാം:

A: ആമുഖവിവരണം - 1,1-20
- B: പശ്ചാത്തലം
  - സഭകളുടെ പശ്ചാത്തലം - 2,1-3,22
  - ദൈവശാസ്ത്രപശ്ചാത്തലം - 4,1-5,14
    - C: ദൈവികയിടപെടൽ - 6,1-9,21; 11,14-18
      - D: സാക്ഷ്യവും പരിപാലനവും
        - പ്രവാചകർ - 10,1-11,13
        - സ്ത്രീയും സർപ്പവും - 12,1-15,4
    - C’: ദൈവികയിടപെടൽ - 15,5-16,21
- B’: ശിക്ഷയും രക്ഷയും
  - തിന്മയുടെ ഉന്മൂലനം - 17,1-20,15
  - പുതിയ ജറൂസലേം - 21,1-22,5

A’: ഉപസംഹാരം - 22,6-21

# വ്യാഖ്യാനം (അധ്യാ 17–22)

**17,1: ജലധികളുടെമേൽ ഉപവിഷ്ടയായിരിക്കുന്ന മഹാവേശ്യ:** സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന്റെ (4,3) ചിത്രത്തിനു വിപരീതമാണിത്. ശക്തമായ നാവികസേനയും വിപുലമായ കടൽവ്യാപാരവുംവഴി കടലുകളുടെമേൽ ആധിപത്യം സ്ഥാപിച്ച റോമിനെയാണ് ഇവിടെ ബാബിലോൺനഗരം (cf. ജറെ 51,13) സൂചിപ്പിക്കുന്നത്. അധാർമികശക്തികളുമായി ഉണ്ടാക്കിയ അവിശുദ്ധ കൂട്ടുകെട്ട് ഇവിടെ ചിത്രീകരിച്ചിരിക്കുന്നു: വേശ്യ എന്നു വിളിക്കപ്പെട്ടിരിക്കുന്ന സ്ത്രീ ജലധിക്കുമീതെയും (17,1.15) ഒരു മൃഗത്തിനുമേലും (17,3) ഏഴുമലകളുടെമേലും (17,9) ഇരിക്കുന്നതായി യോഹന്നാൻ ദർശനത്തിൽ കാണുന്നു. ഈ സ്ത്രീ, യേശുവിനെ കുരിശിലേറ്റിയ (11,8)□മഹാനഗരം തന്നെയാണ്. കടലിൽനിന്നും വന്ന ഏഴു തലയും പത്തുകൊമ്പുമുള്ള മൃഗം (13,1; 17,9) ഏഴുമലകളോടു കൂടിയ റോമാനഗരവും റോമാസാമ്രാജ്യവുമാണെന്നാണ് കരുതപ്പെടുന്നത്. ദൈവജനത്തെ പീഡിപ്പിച്ച, അധർമംവാഴുന്ന നഗരങ്ങളായ ടയിറിനും (ഏശ 23,17) നിനെവേയ്ക്കും (നാഹും 3,4) എതിരായ പ്രവാചക വിമർശനങ്ങളും ശിക്ഷാവിധിയും ഈ വിവരണത്തിന്റെ പിന്നിലുണ്ട്.

**17,2: വ്യഭിചാരംചെയ്തു:** റോമിനെ ദേവതയായും ചക്രവർത്തിയെ ദൈവമായും ആരാധിക്കുകയും റോമൻസാമ്രാജ്യത്തിലെ പേഗൻ ആചാരങ്ങൾ പിന്തുടരുകയും അതിന്റെ അധർമങ്ങളിൽ പങ്കുചേരുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള രാഷ്ട്രീയ-സാമ്പത്തിക അവിശുദ്ധകൂട്ടുകെട്ടുകളും (ഏശ 23,17; നാഹും 3,4) വിജാതീയ രാജാരാധനയും (2 രാജാ 9,22; ഹൊസി 1,2; മിക്കാ 1,7) വ്യഭിചാരമായി ചിത്രീകരിക്കപ്പെടാറുണ്ട്.

**17,3: ആത്മാവിൽ:** പരിശുദ്ധാത്മാവിൽ യോഹന്നാനു ലഭിക്കുന്ന ഉൾക്കാഴ്ചയാണ് ഇവിടെ വിവരിക്കപ്പെടുന്നത് (1,10; 4,2; 17,3; 21,10). യോഹന്നാന് ഉത്ഥിതന്റെയും (1,10) ദൈവസിംഹാസനത്തിന്റെയും (4,2) ബാബിലോണിന്റെയും (17,3) പുതിയജറുസലേമിന്റെയും (21,10) ദർശനങ്ങൾ ആത്മാവാണു കാണിച്ചുകൊടുക്കുന്നത്. **ദൈവദൂഷണപരമായ നാമങ്ങൾ:** റോമൻചക്രവർത്തിമാർ സ്വയംചാർത്തിയിരുന്ന ദൈവത്വം. ദൈവദൂഷണപരമായ നാമങ്ങൾ നിറഞ്ഞിരിക്കുന്നത് (13,1) രാജാരാധനയുടെ പാരമ്യം കാണിക്കുന്നു. **കടുംചെമപ്പുനിറമുള്ള മൃഗം:** സർപ്പത്തിന്റെ നിറവും രൂപവും (12,3) ഇതിനു നല്കുന്നതുവഴി ഈ സാമരാജ്യത്തിന്റെ പിന്നിലുള്ളത് പൈശാചികശക്തിയാണെന്ന് കാണിക്കുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും അക്രമവും രക്തച്ചൊരിച്ചിലുംവഴി അധികാരം ഉറപ്പിക്കുകയുംചെയ്ത റോമാസാമ്രാജ്യത്തെയാണ് ഇപ്രകാരം ചിത്രീകരിക്കുന്നത്.

**17,4: ധൂമ്രവും കടുംചെമപ്പും നിറമുള്ള ... സ്വർണവും:** റോമിന്റെ അധാർമിക സമ്പത്തും വിഗ്രഹാരാധനയുടെ സംസ്കാരവും സൂചിപ്പിക്കുന്നു. ഉന്നതർ ധരിച്ചിരുന്ന ധൂമ്രവർണ വസ്ത്രം തന്നെയാണ് വിഗ്രഹങ്ങൾക്കു ചാർത്തിയിരുന്നതും (ദാനി 5,7; 1 മക്ക 8,14; 11,57.58). കുഞ്ഞാടിന്റെ മണവാട്ടിയുടെ ലളിതമായ ശുഭ്രവസ്ത്രത്തിനു (19,8) നേർവിപരീതമാണ് ഈ വസ്ത്രാലങ്കാരം. ബാബിലോണിനെ അസന്മാർഗികതയുടെ വീഞ്ഞു നിറച്ച ഒരു പാനപാത്രമായി ജറെ 51,7 വിവരിക്കുന്നുണ്ട്.

**17,5: നെറ്റിത്തടത്തിൽ ഒരു നാമം, ഒരു രഹസ്യം:** മൃഗത്തിന്റെ അടയാളത്തെ ഓർമിപ്പിക്കുന്നു (13,16–18). ക്രിസ്തുവിന്റെ അനുയായികളുടെ നെറ്റിയിലെ മുദ്രയ്ക്കു (7,3; 9,4) വിപരീതമാണിത്. അടിമയുടെ നെറ്റിയിൽ ശിക്ഷയായി അവരുടെ കുറ്റകൃത്യങ്ങൾ അടയാളപ്പെടുത്തിയിരുന്നു. രഹസ്യമെന്നത്, ബാബിലോൺ എന്ന പേര് പ്രതീകാത്മകമായി ഉപയോഗിച്ചിരിക്കുന്നു എന്നു കാണിക്കുന്നു. **ബാബിലോൺ:** ബി.സി. 6–7 നൂറ്റാണ്ടുകളിൽ ശക്തമായിരുന്ന സാമ്രാജ്യമാണ് ബാബിലോൺ (ദാനി 4,30). വെളിപാടുകാലഘട്ടത്തിൽ ഇതിനു സമാനശക്തിയായിരുന്നു റോമാസാമ്രാജ്യം. ഇവ തമ്മിലുള്ള സാധർമ്യം കൊണ്ടാകാം പത്രോസ് തന്റെ ലേഖനങ്ങൾ ബാബിലോണിൽനിന്ന് എഴുതുന്നതായി (1 പത്രോ 1,1; 5,13) പറയുന്നത്.

**17,6: രക്തത്താൽ ഉന്മത്തയായി:** രക്തം കുടിക്കുന്നത് സംഹാരത്തിന്റെ ചിത്രംകൂടിയാണ് (ജറെ 46,10; ഏശ 34,5). കൊലപാതക രക്തത്താൽ കളങ്കിതയായി (18,24) എന്നു സൂചിപ്പി ക്കുന്നിടത്ത് മതപീഡനത്തിന്റെ ചിത്രവുണ്ട്. രക്തം കുടിക്കുന്നത് പഴയനിയമത്തിൽ നിഷി ദ്ധമാണെന്നതും (ലേവ്യ 3,17; 17,10) ഇവിടെ ശ്രദ്ധേയമാണ്.

**17,7: എന്തിന് ആശ്ചര്യപ്പെടുന്നു?:** ബാബിലോണിന്റെ പകിട്ടുകണ്ട് ആരാധനാഭാവം വരുന്ന വായനക്കാരെ തിരുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

**17,8: ജീവന്റെ പുസ്തകം:** വിശ്വാസികളുടെ രക്ഷ സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നു എന്നാണ് ജീവന്റെ പുസ്തകത്തിൽ പേരെഴുതുക എന്നതിലെ ധ്വനി. **ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും വരാനിരിക്കുന്നവതുമായ:** മൃഗത്തെക്കുറിച്ചുള്ള വിവരണം. 1,4.8-ലും 4,8-ലും കാണുന്ന കർത്താവിന്റെ നാമത്തിന്റെ ഒരു ഹാസ്യാനുകരണമാണ്. 'ഇപ്പോൾ ഇല്ലാത്തതും' എന്ന പ്രസ്താവനയാണ് ഇവിടെ പ്രധാനം. ചിലർ ഇതിനെ ആത്മ ഹത്യചെയ്ത നീറോ വീണ്ടും വരുമെന്ന ഐതിഹ്യത്തോടു ചേർത്തുവായിക്കുന്നു. നീറോ മരിച്ചിട്ടില്ല, രഹസ്യമായി പാർഥിയായിലേക്കു പലായനംചെയ്തു എന്നും റോമാസാമ്രാജ്യം തിരിച്ചുപിടിക്കാൻ സൈന്യവുമായി തിരികെവരുമെന്നുമുള്ള കഥകൾ അന്നാളുകളിൽ പ്രചരിച്ചിരുന്നു. മനുഷ്യരിൽ വിസ്മയം ജനിപ്പിച്ച പുരാതനകാലത്തെ സാമ്രാജ്യങ്ങളെല്ലാം തകർന്നടിഞ്ഞു എന്ന് ഓർമപ്പെടുത്തി, അവയുടെ സ്വാധീനത്തിന് വഴിപ്പെടരുത് എന്ന താക്കീതും ഇവിടെ ഒളിഞ്ഞിരിപ്പുണ്ട്.

**17,9: ജ്ഞാനമുള്ള മനസ്സിന്റെ ആവശ്യം:** ഇവിടെ സൂചിപ്പിക്കുന്നവ വളരെ അവധാനത യോടെ തിരിച്ചറിയണം എന്ന് ഓർമപ്പെടുത്തുന്നു. ജ്ഞാനം ദൈവത്തിൽനിന്നാണു വരു ന്നത് (ദാനി 2,20-23; വെളി 5,12; 7,12). **ഏഴുമലകൾ:** ഏഴുമലകളിലായി പടർന്നുകിടക്കുന്ന റോമാനഗരം. **ഏഴുരാജാക്കന്മാർ:** അഗസ്റ്റസ് മുതൽ റോമാ ഭരിച്ച ചക്രവർത്തിമാരെന്നാണ് ഇതിന് നല്കപ്പെട്ടിട്ടുള്ള നിരവധി വ്യാഖ്യാനങ്ങളിൽ ഒന്ന്. പ്രതീകാത്മകമായി, ഇവർ ഭൂമി യിലെ എല്ലാ രാജാക്കന്മാരെയോ, റോമൻ ചക്രവർത്തിമാരെയോ, ലോകാവസാനം വരെ യുള്ള എല്ലാ സാമ്രാജ്യശക്തികളെയോ പ്രതിനിധീകരിക്കുന്നു.

**17,10: വീണുപോയി:** കൊല്ലപ്പെടുന്നതിന്റെ പ്രതീകമാണിത്. റോമിലെ പല ചക്രവർത്തിമാ രുടെയും അന്ത്യം ദാരുണമായിരുന്നു. **ചുരുങ്ങിയ കാലത്തേക്ക്:** ഈ പരാമർശം സാമ്രാ ജ്യത്തിന്റെ അസ്ഥിരതയും അല്പായുസ്സുമാകാം സൂചിപ്പിക്കുന്നത്.

**17,11:** ഡൊമീഷ്യൻ ചക്രവർത്തി നീറോയുടെ പുനരവതാരമാണെന്ന സൂചനയാണ് ഇവിടെ യുള്ളതെന്ന് ചിലർ കരുതുന്നു. നീറോയെക്കുറിച്ചുള്ള ഐതിഹ്യവും ഡൊമീഷ്യന്റെ നീറോയെ വെല്ലുന്ന ക്രൂരതയും ഈ വ്യാഖ്യാനത്തിന്റെ പിന്നിലുണ്ട്. **നാശത്തിലേക്കു പോകുന്നു:** ഉയിർത്തെഴുന്നേറ്റ് ജീവനിലേക്കു കടന്ന യേശുവിന്റെ വിപരീതചിത്രമാണ് ഇവിടെയുള്ളത്.

**17,12: പത്തു രാജാക്കന്മാർ:** പത്തുകൊമ്പുകൾ അധികാരവും ശക്തിയും (ദാനി 7,7-22) രാജത്വവും (സങ്കീ 22,21) സൂചിപ്പിക്കുന്നു. റോമാസാമ്രാജ്യത്തിന്റെ പ്രവിശ്യാധികാരികളോ സാമന്തരാജാക്കന്മാരോ ആകാം ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. **ഒരു മണിക്കൂർ:** ചുരു ങ്ങിയ സമയം. റോമൻചക്രവർത്തിമാർ സാമന്തരാജാക്കന്മാർക്ക് രാജാധികാരം നല്കിയിരു ന്നു.

**17,13:** മൃഗത്തെ അന്ധമായി പിൻചെന്ന്, തിന്മയുടെ ശക്തികൾക്ക് സർവതും സമർപ്പിക്കു ന്നത് ഇവിടെ വിവരിക്കുന്നു.

**17,14: കുഞ്ഞാടിനോട് ...:** സാമ്രാജ്യത്തിൽ ഉടനീളം നിലനിന്നിരുന്ന ദൈവവിരുദ്ധസം സ്കാരവും ക്രിസ്ത്യാനികൾക്കെതിരായ പീഡനവുമാകാം കുഞ്ഞാടിനെതിരെയുള്ള യുദ്ധം അർഥമാക്കുന്നത്. കുഞ്ഞാടിനെതിരെ യുദ്ധംചെയ്യാനും തുടർന്ന് ഉന്മൂലനംചെയ്യ

പ്പെടാനും വേണ്ടി ദൈവംതന്നെയാണ് അവരെ ഇതിനു പ്രേരിപ്പിക്കുന്നത് (17,17). മൃഗത്തിനെതിരെ ആർക്കു യുദ്ധംചെയ്യാൻ കഴിയും (13,4) എന്ന ചോദ്യത്തിനുള്ള ഉത്തരമാണിത്. കുഞ്ഞാടിന് ഇവിടെ കൊടുത്തിരിക്കുന്ന വിശേഷണം പഴയനിയമത്തിൽ ദൈവത്തിനു കൊടുത്തിരിക്കുന്ന വിശേഷണങ്ങൾതന്നെയാണ് (ദാനി 4,37). **വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരും:** കുഞ്ഞാടിനെ അനുഗമിക്കുന്നവർക്കു കൊടുത്തിരിക്കുന്ന ഈ വിശേഷണങ്ങൾ 'സഭ' (എക്ലേസിയ) എന്നതിന്റെ വ്യാഖ്യാനംതന്നെയാണ്. കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട ഇവർ കുഞ്ഞാടിനോട് എന്നും വിശ്വസ്തരായിരിക്കും.

**17,15: ജനങ്ങളും ജനക്കൂട്ടങ്ങളും ജനതകളും ഭാഷകളും:** വിശാലമായ റോമാസാമ്രാജ്യം അറ്റ്ലാന്റിക് സമുദ്രംമുതൽ യൂഫ്രട്ടീസ് നദിവരെയും ബ്രിട്ടാനിയാമുതൽ എത്യോപ്യാവരെയും വ്യാപിച്ചുകിടന്നിരുന്നതിന്റെ സൂചനയാണിത് (cf. ദാനി 3,2; 5,19).

**17,16: അവളെ നഗ്നയാക്കി:** അനീതിയിലും അക്രമത്തിലും പടുത്തുയർത്തിയ റോമാസാമ്രാജ്യം ആഭ്യന്തരകലാപത്തിലൂടെ തകർന്നടിയുന്നതിന്റെ ചിത്രം. മാംസം ഭക്ഷിക്കുന്നത് ജസെബെൽരാജ്ഞിയുടെ അന്ത്യം സൂചിപ്പിക്കുന്നു (2 രാജാ 9,30-37).

**17,17: ഹൃദയത്തിൽ തോന്നിച്ചു:** ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത് (പുറ 35,34; നെഹ 2,12). ലോകരാഷ്ട്രങ്ങളും സാമ്രാജ്യങ്ങളും അന്തിമമായി ദൈവത്തിന്റെ അധികാരത്തിൻകീഴിലാണ്. അവിടന്നാണ് മൃഗത്തെയും രാജാക്കന്മാരെയും വേശ്യക്കെതിരെ തിരിക്കുന്നത്. 'ദൈവം അറിയിച്ച രഹസ്യം പൂർത്തിയാക്കപ്പെടും' (വെളി 10,7) എന്നത് അപ്രതീക്ഷിതമായ രീതിയിൽ, സാമ്രാജ്യം പരസ്പരം പോരാടി തകരുന്നതിലൂടെ യാഥാർഥ്യമാകുന്നു.

**17,18: അധീശത്വം:** ജനതകളെ വഴിതെറ്റിക്കുന്ന (18,23) അധാർമികമായ ആത്മീയസ്വാധീനമാണ് രാഷ്ട്രീയ സർവാധിപത്യം അർഥമാക്കുന്നത്.

**18,1-24:** ബാബിലോണിന്റെ പതനത്തെ സൂചിപ്പിക്കുന്ന ചരമഗീതവും ഈ സാമ്രാജ്യത്തിന്റെ പതനം സംഭവിച്ചുകഴിഞ്ഞു എന്ന രീതിയിലുള്ള പ്രവാചകനിരീക്ഷണവുമാണ് ഇവിടെയുള്ളത്. അധാർമികത നിറഞ്ഞ മഹാനഗരത്തിന്റെ ആശ്രിതരെ പ്രതിനിധീകരിക്കുന്ന രാജാക്കന്മാർ (18,9), വ്യാപാരികൾ (18,11) നാവികർ (18,17) എന്നവരെല്ലാം ഈ നഗരത്തിന്റെ നാശത്തെക്കുറിച്ച് വിലപിക്കുന്നത് ഇവിടെ വിവരിക്കുന്നു. ദൈവത്തെ മറന്ന മഹാനഗരങ്ങളെക്കുറിച്ചു പ്രവാചകർ പാടിയ ചരമഗീതങ്ങളുടെ (എസെ 27) സ്വാധീനം ഈ ഗീതത്തിലുണ്ട്. ഇതിലെ വിവിധ പ്രതീകങ്ങളും ആശയങ്ങളും പ്രധാനമായും ബാബിലോണിന്റെമേലുള്ള ജറെ 50-51-ലെ കുറ്റാരോപണങ്ങളിൽനിന്നും എടുത്തിട്ടുള്ളതാണ്: 'മഹാബാബിലോൺ വീണു' (18,2 - ജറെ 51,8); 'സകലജനതകളും ... പാനംചെയ്തു' (18,3 - ജറെ 51,7); അവളിൽനിന്നും ഓടിയകലാനുള്ള ആഹ്വാനം (18,4 - ജറെ 50,8; 51,45); അവളുടെ പാപങ്ങൾ ആകാശത്തോളം കൂമ്പാരം കൂട്ടിയിരിക്കുന്നു (18,5 - ജറെ 51,9); അഗ്നിയിൽ ദഹിപ്പിക്കപ്പെടുന്നു (18,8 - ജറെ 51-48); സ്വർഗത്തിലെ ആഹ്ലാദം (18,20 - ജറെ 51,48); കടലിലേക്കെറിഞ്ഞ തിരികല്ല് (18,21 - ജറെ 51,63.64); വധിക്കപ്പെട്ടവരാൽ നിറയുന്ന നഗരം (18,24 - ജറെ 51,49). ദൈവത്തിന്റെ വിശുദ്ധിയും നീതിയും ആവശ്യപ്പെടുന്ന സമീപനം ചിത്രീകരിക്കുന്നതാണ് ഇതിലെ ഭാഷയുടെ കാർക്കശ്യം.

**18,1: തേജസ്സുകൊണ്ട്**: ദൈവസന്നിധിയിൽനിന്ന് കല്പനകളുമായി ഇറങ്ങിവന്നപ്പോൾ മോശയുടെ മുഖം പ്രകാശിച്ചതോ (പുറ 34,29-35) ദൈവതേജസ്സുകൊണ്ട് ഭൂമി പ്രകാശിക്കുന്നതോ (എസെ 43,2) അനുസ്മരിപ്പിക്കുന്നു. ദൈവതേജസ്സ് സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന പുതിയ ജറുസലേമിനെ (21,10.11) പ്രകാശിപ്പിക്കുന്നതിന്റെ മുന്നോടിയാണിത്.

**18,2**: നാശത്തിന്റെ ഭീകരത കാണിക്കുന്ന ചിത്രങ്ങളാണ് ഇവിടെയുള്ളത്. ബാബിലോൺ (ഏശ 13,22; 21,9; ജറെ 50,39; 51,37), ഏദോം (ഏശ 34,11-15), ജറുസലേം (ജറെ 9,10.11), നിനിവെ (സെഫാ2,13.14) തുടങ്ങി പല സാമ്രാജ്യങ്ങളുടെയും നാശത്തെക്കുറിച്ചുള്ള പ്രവച

നങ്ങളുടെ സ്വാധീനം ഇവിടെയുണ്ട്. തകർന്നടിഞ്ഞ നഗരങ്ങളാണ് വന്യമൃഗങ്ങളുടെ താവളമാകുന്നത് (ഏശ 13,21.22; ജറെ 50,39).

**18,4: അവളിൽനിന്ന് ഓടിയകലുവിൻ:** നഗരത്തിന്റെ സർവനാശത്തിനു മുമ്പായി ഓടിരക്ഷപ്പെടാനുള്ള ആഹ്വാനം (cf. ഉത്പ 19,12-14; തോബി 14,4.8; ഏശ 52,11; ജറെ 51,8.45; ലൂക്കാ 21,20-24). നഗരത്തിൽനിന്നു പാലായനം ചെയ്യുകയെന്നതിനെക്കാൾ, അതു പ്രതിനിധാനംചെയ്യുന്ന ജീവിതശൈലിയിൽനിന്നും ആചാരാനുഷ്ഠാനങ്ങളിൽനിന്നും അകലുക എന്നാണർഥമാക്കുന്നത് (cf. 2 കോറി 6,17). **അവളുടെമേൽ പതിച്ച മഹാമാരികൾ:** ഏഴുമുദ്രകൾ (6,1-85), ഏഴു കാഹളങ്ങൾ (8,6-11,19),ഏഴുകലശങ്ങൾ (15,1-16,21) എന്നിവ.

**18,5: ആകാശത്തോളം:** ആകാശംമുട്ടെയുള്ള പാപങ്ങൾ ബാബേൽഗോപുരത്തെ ഓർമപ്പെടുത്തുന്നു (ഉത്പ 11,4; ഏശ 14,13.14; എസെ 31,3.10). വിശുദ്ധരുടെ പ്രാർഥനകൾ എന്നപോലെ (വെളി 8,3.4), ബാബിലോണിന്റെ പാപങ്ങളും ദൈവത്തിന്റെ പ്രത്യുത്തരം പ്രതീക്ഷിക്കുന്നു.

**18,6-8:** നീതിയുടെ സംരക്ഷണവും പുനഃസ്ഥാപനവും ലക്ഷ്യംവച്ചുള്ള ശിക്ഷാവിധിയാണ്, മാനുഷികരീതിയിലുള്ള പകപോക്കലല്ല ഇവിടെ വിവരിക്കുന്നത്. അയല്ക്കാരനു നഷ്ടംവരുത്തുന്നവർ ഇരട്ടി മടക്കിക്കൊടുക്കണം എന്ന നിയമം ഇവിടെ ഓർക്കേണ്ടതുണ്ട് (പുറ 22,4-9; cf. ജറെ 16,18; ഏശ 40,2). ദൈവത്തിനു മഹത്ത്വം നല്കേണ്ടതിനു (വെളി 1,6; 4,9; 14,7; 15,4) പകരം സ്വയം മഹത്ത്വപ്പെടുത്തുന്നവളെ ചിത്രീകരിച്ചിരിക്കുന്നു. ദൈവത്തിന്റെ ശിക്ഷ (cf. ഏശ 47,8.9) അപ്രതീക്ഷിതമായും വളരെ പെട്ടെന്നും വരുമെന്നും ഏതു വലിയ സാമ്രാജ്യത്തെയും ശിക്ഷിക്കാൻ കരുത്തുള്ളവനാണ് ദൈവമെന്നും ഇവിടെ അനുസ്മരിക്കപ്പെടുന്നു.

**18,10: കഷ്ടം, കഷ്ടം:** സാമ്രാജ്യത്തിന്റെ സുഖസമൃദ്ധിയിൽ പങ്കുചേർന്നിരുന്ന സാമന്തരാജാക്കന്മാരുടെ വിലാപം. ഗ്രീക്കിൽ 'ഉവായ്, ഉവായ്' എന്ന ആവർത്തിക്കപ്പെടുന്ന (18,17.19) രോദനം സമ്പൂർണമായ നാശം (1 രാജാ 13,30) വിളിച്ചോതുന്നു. **ഒരു മണിക്കൂർകൊണ്ട്:** പെട്ടെന്നുള്ള നാശം ദാനി 4,17-ലെ രാജാവിന്റെ വിധിയെക്കുറിച്ചു പറയുന്നതിൽനിന്ന് എടുത്തതാണ്.

**18,11:** സാമ്രാജ്യത്തിലെ വാണിജ്യരംഗം വാണിരുന്ന കച്ചവടക്കാർ നഗരത്തിന്റെ നാശത്തെക്കുറിച്ചാണ് വിലപിക്കുന്നെങ്കിലും അവർക്കു നഷ്ടമാകുന്ന കച്ചവടകമ്പോളത്തെക്കുറിച്ചാണ് ആകുലത മുഴുവൻ.

**18,12.13: സ്വർണം ...**: ഇവിടെ പേരെടുത്തു പറയുന്ന കച്ചവടസാധനങ്ങൾ എല്ലാംതന്നെ (cf. എസെ 27,7-25) ആഢംബരവസ്തുക്കളോ സുഖഭോഗവസ്തുക്കളോ ആണെന്നതാണു ശ്രദ്ധേയം. മനുഷ്യരും കച്ചവടവസ്തുക്കളായിരുന്നുവെന്നത് (18,13) ഈ കമ്പോളരംഗത്തെ അധാർമികതയും ജീർണതയും വെളിവാക്കുന്നു. വിലകൂടിയ വസ്തുക്കളിൽനിന്ന് ആരംഭിക്കുന്ന ഈ പട്ടികയുടെ ഏറ്റവും അവസാനമാണ് 'മനുഷ്യാത്മാക്കൾ'. അന്നു നിലനിന്നിരുന്ന തലതിരിഞ്ഞ മൂല്യവ്യവസ്ഥിതിയുടെ ചിത്രമാണിത്.

**18,14: ആത്മാഭിലാഷത്തിന്റെ കനി അകന്നുപോയി**: ആഗ്രഹവും ആർത്തിയുമാണ് സമ്പത്തിന്റെ വഴികൾ. ഇത് ചെന്നെത്തുന്നത് നാശത്തിലാണ്. ബാബിലോൺ ദൈവമഹത്ത്വത്തിനായല്ല, സമ്പത്തുകൊണ്ട് സ്വന്തം സുഖത്തിനുവേണ്ടിയാണ് ജീവിച്ചിരുന്നതെന്ന് വ്യക്തം (cf. ഉത്പ 3,6; പുറ 20,17).

**18,16: മൃദുലവസ്ത്രവും ...:** എസെ 28,13-ൽ ടയിറിലെ രാജാവിന്റെ വേഷമാണിത്. ഇതിൽനിന്നും വ്യത്യസ്തമായി യോഹന്നാൻ സുചിപ്പിക്കുന്ന മൃദുലവസ്ത്രം, ധൂമ്രവസ്ത്രം, രക്താംബരം എന്നിവ പുരോഹിതവസ്ത്രത്തിന്റെ ഭാഗവും ഇപ്പോൾ ഒരു വേശ്യയുടെ വേഷഭൂഷാദികളുമാണ് (17,4).

**18,17-19:** വിലപിക്കുന്ന നാവികരും സാമ്രാജ്യത്തിന്റെ അധാർമികസമ്പത്തിൽ പങ്കുപറ്റിയവരാണ്. **... എന്തുണ്ട്?:** "ഈ മൃഗത്തെപ്പോലെ ആരുണ്ട്?" (13,4) എന്ന റോമിന്റെ ആരാധകരുടെ ചോദ്യത്തിനു സമാനം (cf. സങ്കീ 35,10; ഏശ 46,5). **തലയിൽ പൊടിവിതറി:** വിലാപത്തിന്റെ അടയാളം (ജോഷ്വ 7,6; ജോബ് 2,12; വിലാ 2,12).

**18,20: ആഹ്ലാദിക്കുവിൻ:** ദൈവം തിന്മയുടെ ശക്തികൾക്കെതിരെ വിധി പ്രസ്താവിക്കുമെന്ന വാഗ്ദാനം (cf. 6,10) ബാബിലോണിന്റെ ഉന്മൂലനത്തോടെ നിറവേറ്റാൻ തുടങ്ങിയതിനാൽ ആഹ്ലാദിക്കാൻ സ്വർഗീയ-ഭൗമിക സഭകളെ ആഹ്വാനംചെയ്യുന്നു. ഭൂവാസികളുടെ വിലാപത്തിനു വിപരീതമാണ് ദൈവജനത്തിന്റെ ആഹ്ലാദം.

**18,21: വലിയ തിരികല്ല്:** ബാബിലോണിനെക്കുറിച്ചുള്ള ജറെമിയായുടെ വാക്കുകളും (ജറെ 51,63) മറ്റുള്ളവർക്കു പാപഹേതുവാകുന്ന പ്രലോഭനം നല്കുന്നവരെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനവും (മത്താ 18,6; മർക്കോ 9,42; ലൂക്കാ 17,2) ഇവിടെ പ്രസക്തമാണ്.

**18,22-24:** ശ്മശാനമൂകതയും അണഞ്ഞുപോകുന്ന വിളക്കും വധൂവരന്മാരുടെ സംഗീതം നിലയ്ക്കുന്നതും നഗരത്തിന്റെ സമൂലനാശത്തിന്റെ അടയാളങ്ങളാണ് (cf. ജറെ 7,34; 16,9; 25,10). നഗരം നശിക്കുന്നതിന് മൂന്നു കാരണങ്ങളാണുള്ളത്. 1. വ്യാപാരികൾ സമ്പത്ത് ആർജിച്ച് പ്രമാണിമാരായി; 2. ജനത്തെ ആഭിചാരംകൊണ്ടു വഞ്ചിച്ചു; 3. മതപീഡനം അരങ്ങേറി.

**19,1-6:** സ്വർഗത്തിൽ ദൈവദൂതന്മാർ, ശ്രേഷ്ഠന്മാരും ജീവികളും, വിജയംവരിച്ച സഭ എന്നീ മൂന്നു ഗണങ്ങൾ വിജയഗീതം ആലപിക്കുന്നു. 18,20-ൽ ആഹ്ലാദിക്കാൻ പറയുന്നതിനുള്ള ഈ മറുപടി 11,15-19-ലെ വിശുദ്ധർക്കുള്ള പ്രതിഫലവും ശത്രുക്കളുടെ ഉന്മൂലനവും എന്ന പ്രമേയത്തിന്റെ തുടർച്ചതന്നെയാണ്.

## പദപഠനം, ഹല്ലേലൂയ്യാ (വെളി 19,1)

'കർത്താവിനു സ്തുതി' എന്നർഥം വരുന്ന രണ്ടു ഹീബ്രു പദങ്ങളുടെ ('ഹല്ലെലു-യാഹ്') സമന്വയമാണ് ഹല്ലേലൂയ്യാ. യഹൂദരുടെയും ക്രൈസ്തവരുടെയും ആരാധനാക്രമങ്ങളിൽ ഈ കീർത്തനത്തിന് വലിയ പ്രാധാന്യമുണ്ട്. പുതിയനിയമത്തിൽ നാലു പ്രാവശ്യം മാത്രമാണ് ഈ പദം കാണപ്പെടുന്നതെങ്കിലും (19,1.3.4.6), പഴയനിയമത്തിൽ, പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽ, ആരാധനാസ്തുതിഗീതമായി അനേകം പ്രാവശ്യം കാണപ്പെടുന്നുണ്ട്. ചില സങ്കീർത്തനങ്ങളിൽ ഇത് ആരംഭത്തിലും അവസാനവും ഉപയോഗിച്ചിരിക്കുന്നു (സങ്കീ 135,146-150). യഹൂദ പെസഹാഭക്ഷണസമയത്ത് സങ്കീർത്തനാലാപനങ്ങളിലും ഇതു കാണുന്നുണ്ട്. കുഞ്ഞാടിന്റെ വിവാഹവിരുന്നിലെ ഹല്ലേലൂയ്യാ ആലാപനങ്ങൾ (19,1-6) പെസഹാ ആചരണമാണ് ഇതിന്റെ ഉറവിടമെന്നതിലേക്കു വിരൽചൂണ്ടുന്നു. പുതിയ പെസഹാ കുഞ്ഞാടായ യേശുക്രിസ്തുവിന്റെ രക്തത്താൽ പുതിയ പുറപ്പാടിലൂടെ രക്ഷിക്കപ്പെട്ടവരുടെ വിജയാഘോഷംകൂടിയാണിത് (വെളി 5,6-10; 15,2.3).

**19,2: രക്തത്തിനു ...:** രക്തസാക്ഷികളുടെ അപേക്ഷപ്രകാരമുള്ള (വെളി 6,9.10) വിധി നടപ്പാക്കിക്കഴിഞ്ഞു (cf. സങ്കീ 79,10). ശത്രുക്കൾക്കെതിരെയുള്ള ദൈവത്തിന്റെ വിധിയിലെ സത്യവും നീതിയും ഇവിടെ പ്രഖ്യാപിക്കുന്നു.

**19,4: ആമേൻ, ഹല്ലേലുയ്യാ:** ആരാധനയിൽ ആവർത്തിക്കുന്ന 'ആമേൻ' എന്ന പദം മുമ്പ് പറഞ്ഞത് സത്യമെന്ന് പ്രഖ്യാപിക്കുകയും ഹല്ലേലുയ്യാ ഇതിന് അടിവരയിടുകയും

ചെയ്യുന്നു. സങ്കീ 106,48-ൽ ശത്രുക്കളിൽനിന്നു തങ്ങളെ മോചിപ്പിച്ച ദൈവത്തെ ദൈവ ജനം 'ആമേൻ, ഹല്ലേലുയ്യാ' എന്നു പറഞ്ഞാണ് സ്തുതിക്കുന്നത്.

**19,6: കർത്താവു വാഴുന്നു:** തിന്മ പൂർണമായി ഇല്ലായ്മചെയ്തുകഴിയുമ്പോഴാണ് ദൈവം ഭൂമിയിൽ തന്റെ ഭരണം സംസ്ഥാപിക്കുന്നത്. 'അങ്ങയുടെ രാജ്യം വരണമേ' (മത്താ 6,10) എന്ന പ്രാർഥന ഇവിടെ യാഥാർഥ്യമാകുന്നു. ഏഴാം കാഹളം മുഴക്കുമ്പോൾ ദൈവത്തിന്റെ അഭിഷിക്തൻ ഭരിക്കാൻ തുടങ്ങുന്നുവെന്ന വെളിപ്പെടുത്തലിന്റെ (വെളി 11,15) തുടർച്ച ഇവിടെ കാണാം.

**19,7–9:** തിന്മ സംപൂർണമായി ഉന്മൂലനംചെയ്ത് ദൈവം ഭരിക്കാൻ തുടങ്ങുമ്പോൾ, യേശുവും സഭയും തമ്മിലുള്ള ഗാഢമായ സ്നേഹത്തിൽ ഊന്നിയ ഐക്യം യാഥാർഥ്യ മാകുന്നു. ബൈബിളിൽ ദൈവ-മനുഷ്യബന്ധം വിവാഹബന്ധത്തിന്റെ പ്രതീകത്തിലൂടെ യാണ് പലപ്പോഴും അവതരിപ്പിക്കുന്നത് (ഹോസി 2,1–23; ഏശ 54,4–8; ജറെ 3,1–13; എസെ 16). ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവാകുന്ന മണവാളനുമായി സഭ ഒന്നിക്കപ്പെടുന്നത് (എഫേ 5,22–32) യുഗാന്തത്തിൽ (മത്താ 25,1–15) പൂർണതയിൽ എത്തുന്നതാണ് നാമി വിടെ കാണുന്നത്.

**19,7: ആനന്ദിക്കാം ...:** തിന്മയുടെ ശക്തികളുടെ ഉന്മൂലനം സന്തോഷോത്സവത്തിലേക്കു നയിക്കുന്നു (cf. ഏശ 61,10; മത്താ 5,12). **കുഞ്ഞാടിന്റെ വിവാഹം:** പൂർണതയിൽ എത്തി ച്ചേരുന്ന ദൈവരാജ്യത്തിന്റെ (21,1–22,5) പ്രതീകമാണ് സ്വർഗത്തിലെ വിവാഹം. വിവാഹവി രുന്ന് യുഗാന്തത്തിൽ യാഥാർഥ്യമാകുന്ന രക്ഷയുടെ പ്രതീകമാണ് (ഏശ 25,6; മത്താ 8,11.12; ലൂക്കാ 13,28.29). **സ്വയം അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു:** ബാബിലോണിന്റെ പ്രലോ ഭനം അതിജീവിച്ച്, ദൈവത്തോടു വിശ്വസ്തതപുലർത്തി ജീവിക്കുന്നതാണ് ഇതർഥമാക്കു ന്നത്. വിവാഹത്തിനുമുമ്പ് വിശുദ്ധർ ഇതിനായി ഒരുങ്ങേണ്ടിയിരിക്കുന്നു.

**19,8: മൃദുലവസ്ത്രം നല്കപ്പെട്ടിരിക്കുന്നു:** വിശുദ്ധി ദൈവത്തിന്റെ ദാനമാണെന്നു ധ്വനി (ഫിലി 2,12.13).

### വിശുദ്ധരുടെ നീതിപൂർവകമായ പ്രവൃത്തികൾ (വെളി 19,8)

മൃദുലവസ്ത്രം വിശുദ്ധരുടെ പ്രവൃത്തികളാണെന്നു പറയുമ്പോൾ ദൈവദാനമായ രക്ഷയ്ക്കു (3,18; 6,11)'വിരുദ്ധമാണെന്നു തോന്നാം. 'താ ദിക്കായിയോമാത്ത തോൺ ഹഗി യോൺ' എന്നത് രണ്ടു വിധത്തിൽ മനസ്സിലാക്കാം: 1. *വിശുദ്ധരുടെ നീതിപൂർവകമായ പ്ര വൃത്തികൾ*. വാക്കിലും പ്രവൃത്തിയിലുമുള്ള യേശുവിന്റെ സാക്ഷ്യത്തിൽ പങ്കുചേരുകയാ ണിത് (1,9; 6,9; 11,7; 12,11.17; 20,4). സാമ്രാജ്യശക്തികളുടെ പീഡനങ്ങളെ അതിജീവിച്ച്, വിശ്വാസം കാത്തുസൂക്ഷിക്കുന്നവരാണ് കുഞ്ഞാടുമായുള്ള വിവാഹത്തിന് തയ്യാറായിരി ക്കുന്നത്. 2. *വിശുദ്ധരെ പ്രതിയുള്ള ദൈവത്തിന്റെ പ്രവൃത്തികൾ*. ഞെരുക്കങ്ങളിൽനിന്നു ദൈവം മോചിപ്പിച്ച ദൈവജനം അതിന്റെ അടയാളമായ വസ്ത്രം ധരിച്ച് ക്രസ്തുവിനോടു കൂടെ നടക്കുന്നു. ദൈവകൃപയ്ക്ക് അതിനുതകുന്ന പ്രത്യുത്തരം നല്കാൻ നാം കടപ്പെട്ടവ രാണ് (റോമാ 2,6–8; 2 കോറി 11,2) എന്ന് ഇവിടെ മനസ്സിലാക്കാം. ദൈവകൃപയുടെയും മനുഷ്യപ്രയത്നത്തിന്റെയും മാനങ്ങൾ ഈ വാക്യത്തിലുണ്ട്.

**19,9: വിവാഹവിരുന്നിനു വിളിക്കപ്പെട്ടവർ:** ഓരോരുത്തരെയും വിവാഹവിരുന്നിനു വിളി ക്കുന്ന പ്രതീകമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (cf. വെളി 3,20). ക്രിസ്തുവുമായുള്ള വിശ്വാസിയുടെ അഭേദ്യബന്ധമാണ് ഇതു സൂചിപ്പിക്കുന്നത്. **അനുഗൃഹീതർ:** വെളിപാടു ഗ്രന്ഥത്തിൽ പരാമർശിക്കുന്ന നാലാമത്തെ അനുഗ്രഹവചസ്സ്.

**19,10: ദൈവത്തെ ആരാധിക്കുക:** ദൈവത്തെമാത്രം ആരാധിക്കണമെന്ന് യോഹന്നാൻ ഓർമിപ്പിക്കുന്നു. മാലാഖമാരോടുള്ള അതിരുകവിഞ്ഞ വണക്കം നിരുത്സാഹപ്പെടുത്താ നാകാം ഈ പ്രസ്താവന. **യേശുവിന്റെ സാക്ഷ്യം:** 'മർത്യൂരിയ യേസൂ' എന്നത് യേശു ക്രിസ്തു നല്കുന്ന സാക്ഷ്യമെന്നും യേശുക്രിസ്തുവിനു നല്കുന്ന സാക്ഷ്യമെന്നും അർഥ മുണ്ട്. യേശുക്രിസ്തു സഭയിലൂടെ സംസാരിക്കുന്നുവെന്ന് ആദ്യത്തേതും സഭ തന്റെ

ജീവിതവും പ്രഘോഷണവുംവഴി യേശുക്രിസ്തുവിനു സാക്ഷ്യംനല്കുന്നുവെന്ന് രണ്ടാമത്തേതും പഠിപ്പിക്കുന്നു. **പ്രവചനത്തിന്റെ ആത്മാവ്:** ദൈവവചനം മാംസരൂപമെടുത്ത യേശുക്രിസ്തുവിൽ നമുക്കു ലഭ്യമായ രക്ഷ പ്രഘോഷിക്കുകയും മരണംവരെ അതിനു വിശ്വസ്തസാക്ഷ്യം വഹിക്കുകയുമാണ് പ്രവാചകദൗത്യത്തിന്റെ കാതൽ.

**19,11**: മുൻവിവരണങ്ങളിൽനിന്നു വ്യത്യസ്തമായി (4,1; 11,19; 15,5) ഇവിടെ സ്വർഗംതന്നെ തുറക്കപ്പെടുന്നതായി വിവരിക്കുന്നു. **വെള്ളക്കുതിര:** സ്വർഗീയ സൈന്യത്തോടൊപ്പം മൃഗത്തെയും അവന്റെ അനുയായികളെയും കീഴടക്കുന്ന യോദ്ധാവായ മിശിഹായെപ്പറ്റിയുള്ള (മത്താ 25,31-33; 1 കോറി 15,24.25; 2 തെസ്സ 1,6-10; വെളി 1,14-16) പ്രതീകാത്മകമായ വിവരണമാണിവിടെ. ആദ്യമുദ്ര തുറക്കുമ്പോൾ കാണുന്നതും (6,2) ഈ യോദ്ധാവുതന്നെയാണ്. **വിശ്വസ്തനെന്നും ...:** യേശുവിന് ഇവിടെ കൊടുത്തിരിക്കുന്ന വിശേഷണങ്ങൾ പഴയനിയമത്തിൽ യാഹ്‌വേക്കും (നിയ 32,4; സങ്കീ 111,7) രാജാവിനും (ഏശ 11,1-4) കൊടുത്തിരിക്കുന്നതാണ്. .

**19,12: അനേകം കിരീടങ്ങൾ:** രാജാക്കന്മാരുടെ രാജാവായ ക്രിസ്തുവിന്റെ സർവാധികാരത്തിന്റെ അടയാളമാണ് അനേകം കിരീടങ്ങൾ (14,1). **ഒരു നാമം:** ഹെബ്രായകാഴ്ചപ്പാടിൽ നാമം ഒരുവന്റെ സ്വത്വത്തിന്റെ നിർവചനമാണ്. ആർക്കും അറിയില്ലാത്ത നാമം യേശുവിന്റെ സ്വത്വത്തിന്റെ ആഴവും അവിടത്തെ ദൈവത്വവും സൂചിപ്പിക്കുന്നു.

**19,13: രക്തത്തിൽ മുക്കിയ:** തിന്മയുടെ ശക്തികൾക്കെതിരെയുള്ള യേശുവിന്റെ കുരിശിലെ വിജയം (വെളി 1,5; 5,9; 12,11) സൂചിപ്പിക്കുന്നു. **ദൈവവചനം:** മനുഷ്യാവതാരംചെയ്ത യേശുവിനെ ഇതു സൂചിപ്പിക്കുന്നു (cf. യോഹ 1,1.14; 1 യോഹ 2,14). ആലേഖനം ചെയ്യപ്പെട്ട നാമവും വിളിക്കപ്പെടുന്ന നാമവുമാണിത്. ഈ വചനത്താലാണ് (19,15) അവിടന്ന് ജനതകളെ കീഴ്പ്പെടുത്തുന്നത്.

**19,14:** വിധി നടപ്പാക്കുന്ന യേശുവിനെ അനുഗമിക്കുന്ന വിശുദ്ധരുടെ വ്യൂഹം യേശുവിന്റെ ഉത്ഥാനത്തിൽ പങ്കുചേരുന്നവരാണ് (cf. വെളി 3,4.5.18; 4,4; 6,11; 7,9.13.14).

**19,15: വായിൽനിന്ന് ... വാൾ:** വിധി നടപ്പാക്കുന്ന ക്രിയാത്മക വചനമാണിത്. വചനത്താൽ സൃഷ്ടിക്കുകയും വചനത്താൽ തിന്മ ഉന്മൂലനംചെയ്ത് വിധി നടപ്പാക്കുകയും ചെയ്യുന്നവനാണ് ദൈവം. **ഇരുമ്പു ദണ്ഡ്:** ദാവീദിന്റെ ഗോത്രത്തിൽ നിന്നുള്ള രക്ഷകൻ (സങ്കീ 2,9). **മുന്തിരിച്ചക്ക് അവൻ ചവിട്ടും:** ദൈവത്തിന്റെ ശിക്ഷാവിധിയുടെ പ്രതീകം (cf. ഏശ 63, 1-6; ജോയേ 4,13).

**19,16**: **മേലങ്കിയിലും ...:** കുതിരപ്പുറത്തേറിയ ചക്രവർത്തിയുടെ ദൃശ്യമാണ് പശ്ചാത്തലം. തുടയുടെമേൽ വീഴുന്ന മേലങ്കിയിൽ എല്ലാവർക്കും ദൃശ്യമാകുന്ന വിധത്തിൽ എഴുതപ്പെട്ടിരിക്കുന്ന നാമം എന്നായിരിക്കാം ഇവിടെ ഉദ്ദേശിക്കുന്നത്. ഇത് ക്രിസ്തുവിന്റെ ദൈവത്വവും സാർവലൗകിക അധികാരവും എടുത്തുകാട്ടുന്നു. യാഹ്‌വേയുടെ വിശേഷണംതന്നെയാണ് (നിയ 10,17) യേശുവിനും കൊടുക്കുന്നത്.

**19,17-21:** യേശുവിന്റെ സുനിശ്ചിതമായ വിജയം ഒരു ദൈവദൂതൻ വിളംബരം ചെയ്യുന്നു. മഹാവിരുന്നിന്റെ പ്രതീകം കുഞ്ഞാടിന്റെ വിവാഹവിരുന്നിനു വിപരീതമാണ്. ശത്രുക്കളെ കീഴ്പ്പെടുത്തുന്നതിന്റെയും അവരെ ഉന്മൂലനം ചെയ്യുന്നതിന്റെയും വിവരണമാണിവിടെ (cf. എസെ 39,4.17-20). ഹർമാഗെദോനിൽ ഒരുമിച്ചുകൂടുന്ന (വെളി 16,16) തിന്മയുടെ ശക്തികളും മൃഗവും അതിന്റെ അടയാളം സ്വീകരിച്ചവരെ വഴിതെറ്റിക്കുന്ന വ്യാജപ്രവാചകനുമെല്ലാം ഉന്മൂലനംചെയ്യപ്പെടുന്നു.

**20,1: പാതാളത്തിന്റെ താക്കോൽ:** താക്കോൽ അധികാരത്തെ സൂചിപ്പിക്കുന്നു. മരിച്ചവരുടെയും മരണത്തിന്റെയുംമേൽ ആധിപത്യമുള്ളവനാണ് ദൈവവും ക്രിസ്തുവും.

**20,2.3: ആയിരംവർഷത്തേക്കു ബന്ധിച്ചു ...:** തിന്മയുടെ ശക്തികളുടെ പരാജയമാണ് വെളിപാടിലെ മുഖ്യപ്രമേയങ്ങളിലൊന്ന്. യേശുവിന്റെ മഹത്ത്വീകരണം സാത്താന്റെ പരാജയമാണ് പ്രഖ്യാപിക്കുന്നത് (വെളി 12,5-10). മഹാമാരികളുടെ വിവരണങ്ങളും മഹാബാബിലോണിന്റെ പതനവും സാത്താന്റെ അനുയായികളുടെയും സാത്താന്റെ ഉപകരണങ്ങളായി വർത്തിച്ചവരുടെയും അന്ത്യമാണ് ചിത്രീകരിക്കുന്നത്. ഇതിന്റെ പൂർത്തീകരണമായി സാത്താൻതന്നെ ബന്ധിക്കപ്പെടുന്നു. സാത്താനെ പൂർണമായും കീഴടക്കുന്നതു വിവരിക്കാൻ ഗ്രന്ഥകാരൻ അഞ്ചു ക്രിയകളാണ് ഉപയോഗിച്ചിരിക്കുന്നത്: പിടിച്ചു, ബന്ധിച്ചു, എറിഞ്ഞു, അടച്ചു, മുദ്രവച്ചു (20,2.3). യേശു മരണോത്ഥാനത്തിലൂടെ സാത്താന്റെമേൽ നേടിയ സംപൂർണ വിജയത്തിന്റെ ചിത്രീകരണംതന്നെയാണിത് (cf. മത്താ 12,29; യോഹ 16,33). പിശാചിനെ പുറത്താക്കുകയെന്നതായിരുന്നു അവിടത്തെ പരസ്യജീവിതത്തിലെ പ്രവർത്തനങ്ങളുടെ കാതൽ (മത്താ 12,29; മർക്കോ 3,27; ലൂക്കാ 10,17-19; യോഹ 12,31-33; കൊളോ 2,15; ഹെബ്രാ 2,14). **അഴിച്ചുവിടേണ്ടിയിരിക്കുന്നു:** സാത്താന്റെ പരിപൂർണ ഉന്മൂലനം ഇനിയും നടക്കേണ്ടിയിരിക്കുന്നു. എന്നാൽ, യേശുവിനോടുകൂടെ നില്ക്കുന്നവർക്ക് അതിനെ ഭയപ്പെടേണ്ടതില്ല.

**20,4 ഞാൻ സിംഹാസനങ്ങൾ കണ്ടു:** സ്വർഗീയ കോടതിയാണ് ചിത്രീകരിക്കപ്പെടുന്നത്. ഇവിടെ ഇരിക്കുന്നവർ രക്തസാക്ഷികളോ വിശ്വസ്തരോ (cf. 3,21) ആകാം. **വിധി നല്കപ്പെട്ടു:** രണ്ടുവിധത്തിൽ ഇതു മനസ്സിലാക്കാം: വിശുദ്ധരെപ്രതി ദൈവം സാത്താനുമേൽ വിധി പ്രഖ്യാപിച്ചിരിക്കുന്നു (cf. 6,10; 14,7; 16,5; 20,12.13), അഥവാ, വിധിക്കാനുള്ള അധികാരം അവർക്കു നല്കിയിരിക്കുന്നു (cf. ദാനി 7,9.10; വെളി 20,6.). **യേശുവിന്റെ സാക്ഷ്യത്തെയും ...:** യേശുവിനോട് പരിപൂർണ വിശ്വസ്തത പുലർത്തുകയും സാമ്രാജ്യത്തിന്റെ പ്രലോഭനങ്ങളിൽ വീഴാതിരിക്കുകയും ചെയ്തവർ. **ക്രിസ്തുവിനോടുകൂടെ ഭരിക്കും:** ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കുചേരുമെന്ന് അർഥം (വെളി 2,26.27; 22,5).

### ലേഖനം: ആയിരം വർഷത്തെ ഭരണം (വെളി 20)

ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന റോമാസാമ്രാജ്യം തകരുമെന്നും തുടർന്ന് ദീർഘനാൾ സമാധാനമുണ്ടാകുമെന്നുള്ള പ്രതീക്ഷയാകാം ആയിരം വർഷത്തെക്കുറിച്ചുള്ള സൂചനയ്ക്കു പിന്നിൽ. ഈ ഗ്രന്ഥത്തിലെ മറ്റു സംഖ്യാമൂല്യങ്ങളിലെന്നപോലെ, ആയിരം വർഷം എന്നത് വാച്യാർഥത്തിൽ മനസിലാക്കേണ്ടതില്ല. നീണ്ടകാലയളവിനെ സൂചിപ്പിക്കുന്ന പ്രതീകാത്മക സംഖ്യയാണിത്. സാത്താന്റെ ബന്ധനവും ക്രിസ്തുവിന്റെ ആയിരം വർഷത്തെ ഭരണവും വ്.ത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾക്ക് ഇടനല്കിയിട്ടുണ്ട്.

Premillennialism: ക്രിസ്തു വീണ്ടും ആഗതനാകുമ്പോൾ ഭൂമിയിൽ ആയിരംവർഷം ഭരിക്കും എന്ന് അർഥമാക്കുന്നു. Chiliasm (ആയിരം എന്നതിനുള്ള ഗ്രീക്കുപദത്തിൽനിന്ന്) എന്നും വിളിക്കപ്പെടുന്ന ഈ വ്യാഖ്യാനം രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ വ്യാപകമായിരുന്നു. ക്രിസ്തുവിന്റെ രണ്ടാംവരവിലൂടെ സഭയിലെ എല്ലാവരെയും സ്വർഗത്തിൽ ഒന്നിച്ചുകൂട്ടി, ജറുസലേമിൽ ദാവീദികമിശിഹാരാജ്യം സ്ഥാപിച്ച് ക്രിസ്തു ആയിരംവർഷം ഭരണംനടത്തുമെന്നും അങ്ങനെ ഇസ്രായേൽ വംശത്തിനു ദൈവം നല്കിയ എല്ലാ ഉടമ്പടികളും പൂർത്തീകരിക്കുമെന്നും ഇവർ കരുതുന്നു.

Postmillennialism: ആയിരം വർഷം എന്നത് സുവിശേഷം ലോകമെമ്പാടും വ്യാപിച്ച് ക്രൈസ്തവീകരണം പൂർത്തിയാകുന്നതിനും ക്രിസ്തു മഹത്ത്വത്തിൽ വീണ്ടും ആഗതനാകുന്നതിനും വേണ്ടിവരുന്ന കാലയളവായിട്ടാണ് ഇക്കൂട്ടർ വ്യാഖ്യാനിക്കുന്നത്. ആയിരം എന്നത് മനുഷ്യസങ്കല്പങ്ങൾക്കതീതമായ ഒരു കാലയളവാണ്.

Amillennialism: ആയിരം വർഷങ്ങൾ എന്നത് ഒരു പ്രതീകമായി ഇതിനെ അനുകൂലിക്കുന്നവർ കരുതുന്നു. ക്രിസ്തുവിന്റെ ആദ്യവരവുമുതൽ രണ്ടാംവരവുവരെ നീളുന്ന കാലഘട്ടമാണിത്. ക്രിസ്തു പ്രത്യക്ഷത്തിൽ ഭൂമിയെ ഭരിക്കുവാൻ വരുമെന്ന് ഇക്കൂട്ടർ കരുതുന്നില്ല. ഈ കാലയളവിൽ ആത്മീയമായും കൂദാശകൾ വഴിയും ക്രിസ്തു സഭയെ ഭരിക്കുന്നു. നാലും അഞ്ചും നൂറ്റാണ്ടുകളിലാണ് ഇതിനു പ്രചാരം കിട്ടിയത്.

സഹിക്കുന്ന സഭയുടെ വിജയമാണ് ഈ ആയിരംവർഷം പ്രധാനമായും സൂചിപ്പിക്കുന്നത്. ഭൂമിയിലെ സഭയുടെ മൂന്നരവർഷത്തെ സഹനത്തിനു സമാന്തരമായി സ്വർഗീയസഭയുടെ അന്തിമവിധിവരെയുള്ള കാലഘട്ടമാകാമിത് (2 പത്രോ 3,8; സങ്കീ 90,4). മരണത്തോടെ ആരംഭിക്കുന്ന സ്വർഗീയസൗഭാഗ്യത്തിൽ പങ്കുചേരുന്ന വിശ്വാസികൾക്ക് രണ്ടാമത്തെ മരണമോ ശിക്ഷാവിധിയോ ഇല്ല.

**20,5: ജീവൻപ്രാപിച്ചില്ല:** മൃഗത്തോടു കൂടെനിന്നവർ അന്തിമവിധിവരെ മരിച്ചവരായി തുടരും. **ഒന്നാമത്തെ ഉയിർപ്പ്:** മരണംവരെ ക്രിസ്തുവിനോടു വിശ്വസ്തത പുലർത്തിയവർക്ക് ക്രിസ്തുവിന്റെ ഉയിർപ്പിൽ പങ്കുചേരുന്ന നിത്യജീവനും സ്വർഗഭാഗ്യവുമാണിത്. ക്രിസ്തുവിൽ മരിക്കുന്നവർക്കു ലഭിക്കുന്ന വെള്ളവസ്ത്രം (വെളി 6,11) സൂചിപ്പിക്കുന്നതും ഇതുതന്നെ.

**20,6: രണ്ടാമത്തെ മരണം:** അന്തിമവിധിക്കുശേഷമുള്ള നിത്യശിക്ഷ (20,14). ശരീരത്തിന്റെ മരണമാണ് ആദ്യത്തെ മരണം (20,5).**പുരോഹിതന്മാരായിരിക്കും:** രാജകീയപൗരോഹിത്യമാണ് ഇതു സൂചിപ്പിക്കുന്നത് (പുറ 19,60; ഏശ 61,6). ഇതിൽ പങ്കുചേരുന്നവർ ദൈവത്തിനും ക്രിസ്തുവിനും സ്തുതിഗീതങ്ങളുടെ പുരോഹിതശുശ്രൂഷചെയ്യുകയും ദൈവഹിതം പൂർണമായി സ്വീകരിച്ച് അവിടത്തെ രാജഭരണത്തിൽ പങ്കുകാരാകുകയും ചെയ്യുന്നു.

**20,7–8:** യുഗാന്തത്തിനുമുമ്പ് വിശ്വാസികൾ വലിയ പ്രലോഭനങ്ങൾക്ക് വിധേയരാകുമെന്ന സൂചനയാണിവിടെ (മത്താ 24,29; മർക്കോ 13,24). പൂർവാധികം ശക്തിയോടെ തിരിച്ചുവരുന്ന തിന്മയുടെ ശക്തികൾ വിശ്വാസികളെ ദൈവത്തിൽനിന്ന് അകറ്റുന്നതിൽ എന്നും വ്യാപൃതരാണ്. **ഗോഗ്, മഗോഗ്:** അവസാന നാളുകളിൽ സഭയെ വളഞ്ഞ് കീഴ്പ്പെടുത്തുന്നതിനായി ഒത്തുചേരുന്ന ജനതകളെ സൂചിപ്പിക്കുന്ന പേരുകളാണിവ (എസെ 38–39). തിന്മയുടെ അവസാന ശക്തിപ്രകടനമാണിവിടെ വിവരിക്കുന്നത്.

**20,9: വിശുദ്ധരുടെ പാളയം:** പുറപ്പാടിലെ ഇസ്രായേലിന്റെ യാത്രയെ പാളയം അനുസ്മരിപ്പിക്കുന്നു. ദൈവസാന്നിധ്യമുള്ളതിനാൽ പാളയത്തിലുള്ളവർ ശുദ്ധിയുള്ളവരായിരിക്കണം (സംഖ്യ 5,1–4; 31,19). സഭയുടെ തീർഥാടകസ്വഭാവവും സഭയിലെ ദൈവസാന്നിധ്യവും 'പാളയം' സൂചിപ്പിക്കുന്നു. **പ്രിയപ്പെട്ട പട്ടണം**: വിജയംവരിക്കുന്നവരാകുന്ന (വെളി 3,12) പുതിയ ജറുസലേംനഗരത്തെ സൂചിപ്പിക്കുന്നു. ചില കൈയെഴുത്തുപ്രതികളിൽ 'പുതിയ നഗര'മെന്നും 'വിശുദ്ധനഗര'മെന്നും കാണുന്നു. **അഗ്നിയിറങ്ങി ...:** ദൈവത്തിനെതിരെ നില്ക്കാൻ ഒരു ശക്തിക്കും കഴിയുകയില്ല. പക്ഷേ, ദൈവത്തിനെതിരെയുള്ള യുദ്ധത്തിന്റെ വിവരണങ്ങളൊന്നും ഇവിടെയില്ലെന്ന് ഓർക്കേണ്ടതാണ് (2 രാജാ 1,9–14; ലൂക്കാ 9,54; വെളി 11,5). ശത്രുക്കളെയെല്ലാം വിധിച്ച് തന്റെ ജനത്തെ ദൈവം രക്ഷിക്കും.

**20,10: ഗന്ധകത്തിന്റെ അഗ്നിത്തടാകം:** നിത്യനാശത്തിന്റെ പ്രതീകം.

**20,11: വെൺമയേറിയ ഒരു വലിയ സിംഹാസനം:** ദൈവത്തിന്റെ വിശുദ്ധവും നീതിയുക്തവുമായ പരമാധികാരം (cf. ദാനി 7,9; എസെ 1,26–28). ദന്തനിർമിതമായ സോളമന്റെ സിംഹാസനത്തെ ഇത് ഓർമപ്പെടുത്തുന്നുണ്ട് (1 രാജാ 10,8). **... ഓടിപ്പോയി:** ദൈവത്തിന്റെ മഹിമപ്രതാപത്തിനു മുമ്പിൽ ദൈവികമല്ലാത്ത എല്ലാം അപ്രത്യക്ഷമാകുന്നതിന്റെയും (cf. 6,14; 16,20; 21,1) മറ്റൊന്നിനും അവിടെ സ്ഥാനമില്ലെന്നതിന്റെയും സൂചന.

**20,12: ഗ്രന്ഥങ്ങൾ തുറക്കപ്പെട്ടു:** മഹത്ത്വത്തിലേക്കു പ്രവേശിക്കുന്നവരുടെ പേരുകൾ രേഖപ്പെടുത്തിയതാണ് ജീവന്റെ ഗ്രന്ഥം (3,5; cf. ദാനി 7,10; 12,1.2). **പ്രവൃത്തികൾക്കനുസൃതം:** പ്രവൃത്തികളുടെ വിവരങ്ങളടങ്ങിയ പുസ്തകമെന്നത് ഓരോരുത്തരും എടുക്കേണ്ട ഉത്തരവാദിത്വം സൂചിപ്പിക്കുന്നു. ഓരോരുത്തരുടെയും പ്രവൃത്തികളെ ആശ്രയിച്ചായിരിക്കും അന്ത്യവിധി (സങ്കീ 62,12; ജറെ 17,10; മത്താ 25,31–46; റോമ 2,6). ദൈവത്തിന്റെ

വിധപ്രസ്താവം ഇതിന്റെ പരസ്യമായ പ്രഖ്യാപനം മാത്രമാണ്. ദൈവത്തിന്റെ തിരഞ്ഞെടുപ്പും മനുഷ്യരുടെ ഉത്തരവാദിത്വവുമാണ് രണ്ടു ഗ്രന്ഥങ്ങൾ അർഥമാക്കുന്നത്.

**20,13: തന്നിലുണ്ടായിരുന്ന ... വിട്ടുകൊടുത്തു:** മരിച്ചവരെല്ലാം അവസാനം പൊതുവിധിക്കായി ദൈവസന്നിധിയിൽ നില്ക്കുമെന്ന് ഇത് ഓർമിപ്പിക്കുന്നു.

**20,14: രണ്ടാമത്തെ മരണം – അഗ്നിത്തടാകം:** യുഗാന്തത്തിൽ തിന്മയുടെമേലുള്ള വിജയവും മരണത്തിന്റെതന്നെ നിത്യമായ ഉന്മൂലനവും (1 കോറി 15,54.55) ഇത് അർഥമാക്കുന്നു. ദൈവത്തിൽനിന്നുള്ള നിത്യമായ അകൽച്ചയാണ് രണ്ടാമത്തെ മരണം.

**21,1–22,5:** വെളിപാടുഗ്രന്ഥത്തിലെ അവസാന ദർശനം സ്വർഗീയ ജറുസലേംനഗരമാകുന്ന കുഞ്ഞാടിന്റെ മണവാട്ടിയെ വെളിപ്പെടുത്തുന്നു. വിശുദ്ധനഗരവും (21,10) സ്വർഗീയദേവാലയവും (21,22) പറുദീസയ്ക്കു സമാനമായ തോട്ടവും (22,2) വിരുന്നിന്റെ (21,2) ആഘോഷരംഗങ്ങളും ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ദൈവവാഗ്ദാനങ്ങളുടെയും യേശുവിന്റെ രക്ഷാകരദൗത്യത്തിന്റെയും പരിസമാപ്തിയാണ് നാമിവിടെ കാണുന്നത്. സഭയെന്ന ജറുസലേമിനെക്കുറിച്ചുള്ള പ്രതീകാത്മക വിവരണത്തിലെ (21,9–27) പല ബിംബങ്ങളും എസെ 40–48–ലേതും ഏശ 65,17–25–ലേതുമാണ്. തീർഥാടകസമൂഹം അതിന്റെ ലക്ഷ്യത്തിലെത്തിച്ചേരുന്നതാണ് ഈ സമാപനദർശനം.

**21,1: പുതിയ ആകാശം ... പുതിയഭൂമി:** 'കയ്നോസ്' എന്ന ഗ്രീക്കുപദം നവീകരിച്ചത് എന്നതിനെക്കാൾ ഗുണപരമായി തികച്ചും പുതിയത് എന്നതാണ് അർഥമാക്കുന്നത്. ദൈവവും മനുഷ്യനും തമ്മിൽ പുതിയ ബന്ധം ഇവിടെ സംസ്ഥാപിതമാകുന്നു. ക്രിസ്തുവിൽ പുതുതായി രൂപപ്പെട്ടതും ദൈവമഹത്ത്വത്താൽ പ്രശോഭിതവുമായ സൃഷ്ടി മരണത്തിനോ ജീർണതയ്ക്കോ (ഉത്പ 3,17.18; റോമ 8,20–22) ഇനി വിധേയമാകുകയില്ല. അത് എന്നന്നേയ്ക്കും നിലനില്ക്കുന്നതാണ്. **കടലും ഇല്ലാതായി:** പ്രാചീനകാഴ്ചപ്പാടിൽ തിന്മയുടെ ശക്തികളുടെ ഒളിത്താവളമാണ് കടൽ (ജോബ് 7,12; സങ്കീ 74,13; ഏശ 27,1; ദാനി 7,3). വെളിപാടിൽ തിന്മനിറഞ്ഞ കടൽവ്യാപാരം പരാമർശിക്കപ്പെടുന്നുണ്ട് (18,10–19). പുതിയ ലോകത്തിൽ തിന്മയ്ക്ക് ഒരിടവും ഇല്ലായെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള അകലമാണ് കടലെങ്കിൽ, ദൈവ-മനുഷ്യ ഐക്യം വീണ്ടെടുത്തുവെന്നും കടൽ ഇല്ലാതായി എന്നതിന് അർഥമുണ്ട്.

**21,2: പുതിയ ജറുസലേം:** മഹത്ത്വീകരിക്കപ്പെട്ട സഭയുടെ ചിത്രം. വിശുദ്ധനഗരമായ (cf. ഏശ 52,1) പുതിയ ജറുസലേം ഒരു സ്ഥലമല്ല, ക്രിസ്തുവിൽ ഒന്നായിത്തീരുന്ന അവസ്ഥയും ദൈവജനത്തിന്റെ കൂട്ടായ്മയുമാണ്. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ് (2 കോറി 5,17). **മണവാട്ടിയെപ്പോലെ അണിയിച്ചൊരുക്കപ്പെട്ട്:** വെളിപാടിൽ 'ഒരുക്കുക' (ഹെതോയ്മാറ്റ്സോ) ദൈവത്തിന്റെ പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത് (9,7.15; 12,6; 16,12). സഭയുടെ വിശുദ്ധി പ്രഥമമായും ദൈവം നല്കുന്ന ദാനമാണ്. തന്റെ മണവാളനുമായി എന്നേക്കുമായി ഒത്തുചേരുന്നതിന് സഭയെ ഒരുക്കുന്നു. ദൈവം കൊണ്ടുവരുന്ന രക്ഷയും നീതിയുമാണ് മണവാട്ടിയുടെ വസ്ത്രം. പഴയനിയമത്തിൽ ദൈവജനത്തെ ഭാര്യയോട് ഉപമിക്കുന്നതിനു സമാനമാണ് ഇവിടെ മണവാട്ടിയുടെ ചിത്രം (cf. ഏശ 61,10; 62,5).

**21,3: ദൈവത്തിന്റെ കൂടാരം:** ദൈവത്തിന്റെ നിത്യസാന്നിധ്യം. ആദിമനുഷ്യനോടൊത്ത് പറുദീസയിലായിരുന്ന ദൈവം വാഗ്ദാനപേടകത്തിൽ കല്പനകളിലൂടെ ഇസ്രായേൽജനത്തിന്റെ കൂടെയായിരുന്നു. **അവരോടൊത്തു വസിക്കും:** മാംസംധരിച്ച വചനമായ യേശുവിൽ വസിക്കുന്ന ദൈവം മനുഷ്യരുടെകൂടെ വസിക്കുന്നു. ദൈവവും ദൈവജനവും തമ്മിലുള്ള ഗാഢമായ ഐക്യമാണ് 'വസിക്കുക' (സ്കെനോഓ) എന്ന പ്രതീകത്തിലൂടെ ചിത്രീകരിക്കപ്പെടുന്നത് (എസെ 37,27; ലേവാ 26,11.12). ചില പ്രാചീനഗ്രന്ഥങ്ങളിൽ 'അവരുടെ ദൈവമായിരിക്കും' എന്നും ഈ വാക്യത്തിൽ ചേർത്തിരിക്കുന്നു.

**21,4:** തിന്മയ്ക്കധീനമായ ലോകത്തിന്റെ കണ്ണീരും മരണവും അപ്രത്യക്ഷമാകുന്ന പുതിയ ലോകത്തെപ്പറ്റി പ്രവാചകരും (ഏശ 25,8; 35,10; 65,19) പുതിയനിയമവും (വെളി 7,17) പറയുന്നുണ്ട്. അഷ്ടസൗഭാഗ്യങ്ങളുടെ പൂർത്തീകരണമായും ഇതിനെ കാണാം (മത്താ 5,1 –12).

**21,5: ഞാൻ പുതിയതാക്കുന്നു:** പുതിയ സൃഷ്ടി യാഥാർഥ്യമാകും എന്ന ഉറപ്പാണ് 'പ്രവാചക വർത്തമാനകാല'ത്തിലുള്ള ഈ വാക്യം അർഥമാക്കുന്നത്. എല്ലാം സൃഷ്ടിച്ചവൻ ക്രിസ്തുവിൽ എല്ലാം നവീകരിക്കുന്നു (2 കോറി 3,18; 4,16–18; 5,16.17). **എഴുതുക:** ദൈവം എല്ലാം പുതുതായി സൃഷ്ടിക്കുന്നു എന്ന സദ്വാർത്ത മതമർദനങ്ങളിൽ മനംതളർന്നവർക്ക് ആശ്വാസമാകാൻ അവിടന്നുതന്നെയാണ് എഴുതാൻ ആവശ്യപ്പെടുന്നത്. **വിശ്വാസയോഗ്യവും ...:** കാരണം, ദൈവമാണ് ഇത് നടപ്പിലാക്കുന്നത്.

**21,6: സംഭവിച്ചു കഴിഞ്ഞു:** ദൈവദൃഷ്ടിയിൽ ദൈവരാജ്യത്തിന്റെ ഭരണം യാഥാർഥ്യമായിക്കഴിഞ്ഞു. **ആൽഫയും ... ആദിയും ...:** ഒരേ അർഥമുള്ള പ്രയോഗങ്ങൾ. കാലത്തിന്റെ നാഥനായ ദൈവമാണ് (cf. ഏശ 48,12; വെളി 1,4.8) ചരിത്രത്തെ നയിക്കുന്നത്. അവിടന്നാണ് എല്ലാറ്റിന്റെയും ഉറവിടവും ലക്ഷ്യവും. **ദാഹിക്കുന്നവന് ...:** മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളും പ്രതീക്ഷകളും ദൈവൈക്യത്തിൽ എത്തിച്ചേരുമ്പോൾ സഫലമാകുന്നു. **ജീവജലത്തിന്റെ ഉറവ:** രക്ഷയുടെ പ്രതീകം. ദൈവവും ക്രിസ്തുവുമായുള്ള ഐക്യമാണ് ഈ രക്ഷ. ജീവജലത്തിന്റെ ഉറവ ദൈവംതന്നെയാണ് (ജറെ 2,13). ജീവജലത്തിന്റെ ഉറവയെക്കുറിച്ചുള്ള വചനങ്ങൾ (യോഹ 4,14; 7,37.38; 1 കോറി 12,13) ഇവിടെ പൂർത്തിയാകുന്നു. **സൗജന്യമായി:** 'ദോറെയാൻ' എന്ന ഗ്രീക്കുപദത്തിന് 'പ്രതിഫലം ഇല്ലാതെ' (യോഹ 15,25; റോമാ 3,24; 2 കോറി 11,7; ഗലാ 2,21) എന്നാണർഥം. ദൈവകാരുണ്യമാണ് സൗജന്യമായി ലഭിക്കുന്ന രക്ഷയ്ക്ക് അടിസ്ഥാനം (cf. ഏശ 49,10).

**21,7: വിജയംവരിക്കുന്നവൻ:** ദൈവവാഗ്ദാനങ്ങൾക്ക് അർഹരാകുന്നത് വിജയംവരിക്കുന്നവരാണ്. സഹനങ്ങളെ ഭയപ്പെടാതെ വിശ്വാസത്തിനുവേണ്ടി നിലകൊള്ളുന്നവരും രക്തസാക്ഷിത്വംവരിക്കാൻപോലും തയ്യാറാകുന്നവരുമാണവർ. **അവൻ എനിക്കു മകനായിരിക്കും:** വിശ്വസ്തതയിൽനിന്നു വ്യതിചലിക്കാതെ വിജയം വരിച്ച ക്രിസ്ത്യാനികൾ ദൈവികമായ ദത്തെടുക്കലിന് അർഹരായിത്തീരുന്നു (ഗലാ 4,4–7; റോമാ 8,14–17; 1 യോഹ 3,2; cf. 2 സാമു 7,14; സങ്കീ 89,26–29).

**21,8: ഭീരുക്കൾ ...:** സ്വർഗരാജ്യത്തിന് അർഹതയില്ലാത്തവരുടെ ഈ പട്ടിക യോഹന്നാൻ താക്കീതുനല്കുന്ന തിന്മകളുടെ സംഗ്രഹമാണ്. ആദ്യം ഈ പട്ടികയിൽ സൂചിപ്പിക്കപ്പെടുന്ന ഭീരുക്കൾ ക്രിസ്തുവിന്റെ കുരിശിലെ സാക്ഷ്യത്തിൽ പങ്കുചേരാൻ വിമുഖത കാണിക്കുന്നവരാണ്. ത്യാഗം ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ വിശ്വാസം മുറുകെപ്പിടിക്കാത്ത ഇവർതന്നെയാണ് അവിശ്വാസികളും. **കാപട്യക്കാർ:** ഇവിടെയും 22,15-ലുള്ള പട്ടികയിലും അവസാനം വരുന്നത് 'കാപട്യക്കാർ' (പ്സ്യൂദേസ്) ആണ്. ഇവർ 'അപ്പസ്തോലന്മാരെന്നു സ്വയം വിളിക്കുന്നവരാണ്' (വെളി 2,2). പറയുന്നതിനു വിരുദ്ധമായി ജീവിക്കുന്നവരെ സൂചിപ്പിക്കാൻ യോഹന്നാൻ ഈ പദം ഉപയോഗിക്കുന്നുണ്ട് (1 യോഹ 2,4.22; 4,20; 5,10).

**21,9:** മഹാമാരികളെ പ്രതിപാദിക്കുന്നത്, മഹാവേശ്യയും മണവാട്ടിയും തമ്മിലുള്ള വൈരുദ്ധ്യം കാണിക്കാനാകാം. **കുഞ്ഞാടിന്റെ ഭാര്യയെ**: സഭാസമൂഹത്തിന്റെ പ്രതീകം (cf. 2 കോറി 11,2).

**21,10: ആത്മാവിൽ:** ആത്മാവിൽ കൊണ്ടുപോയി കാണിക്കുന്നത്, യോഹന്നാന് നല്കപ്പെട്ടത് പ്രധാനപ്പെട്ട ദർശനമാണെന്നു കാണിക്കുന്നു (cf. എസെ 43,5).

**21,11: ദൈവത്തിന്റെ മഹത്ത്വമുണ്ടായിരുന്നു:** സഭയിലെ ദൈവസാന്നിധ്യമാണ് ദൈവികപ്രഭയുടെ അടിസ്ഥാനം. കല്ലുകളുടെ തിളക്കവും ദൈവമഹത്ത്വത്തിന്റെ ശോഭതന്നെയാണ് പ്രകടിപ്പിക്കുന്നത്. വെളി 12,1-ൽ സൂര്യനെ ഉടയാടയാക്കിയ സ്ത്രീയെക്കുറിച്ചു പറയുന്ന

തിന്റെ അർഥവും ഇതുതന്നെ. യുഗാന്തത്തിൽ പ്രത്യക്ഷപ്പെടുന്നതും ദൈവമഹത്ത്വത്താൽ അലംകൃതയുമായ സഭയാണിത് (cf. എസെ 43,2-4).

**21,12-14:** ഗോത്രങ്ങളുടെ പേരുകളുള്ള പന്ത്രണ്ടുകവാടങ്ങളും അപ്പസ്തോലന്മാരുടെയും പേരുകളുള്ള പന്ത്രണ്ട് അടിസ്ഥാനങ്ങളും പഴയ-പുതിയ ഉടമ്പടികളിലെ ദൈവജനംമുഴുവനും പുതിയജറുസലേമിലെ അംഗങ്ങളാണെന്നു കാണിക്കുന്നു (cf. എസ 40,5; 48,30-34.). സഭയുടെ കാതോലികത്വത്തിന്റെ സൂചനയും ഇവിടെയുണ്ട്. ജറുസലേമിന്റെ അടിസ്ഥാനം അപ്പസ്തോലന്മാരാണെന്നു പറയുന്നതുവഴി, രക്ഷ ക്രിസ്തുവിലൂടെയാണെന്ന് പ്രഖ്യാപിക്കുന്നു. അപ്പസ്തോലന്മാരുടെ സാക്ഷ്യവും പ്രഘോഷണവുംവഴിയാണ് സഭ സ്ഥാപിക്കപ്പെടുന്നതും വളരുന്നതും (എഫേ 2,20).

**21,15: അളവുകോൽ:** നഗരം അളക്കുന്നത് ദൈവത്തിന്റെ സാന്നിധ്യവും സംരക്ഷണവും ഉറപ്പാക്കുന്നു.

**21,16:** നഗരത്തിന് ക്യൂബിന്റെ ആകൃതിയാണുള്ളത് എന്നു പറയുമ്പോൾ,. ജറുസലേംദേവാലയത്തിലെ ദൈവസാന്നിധ്യം നിറഞ്ഞുനില്ക്കുന്ന അതിവിശുദ്ധസ്ഥലത്തിന്റെ തോതിന് (1 രാജ 6,19.20) സമാനമാണിതെന്നു വ്യക്തമാക്കപ്പെടുന്നു. ദൈവസാന്നിധ്യം നിറഞ്ഞുനില്ക്കുന്ന ഈ നഗരം പറുദീസതന്നെയാണെന്ന് അർഥം. നീളവും വീതിയും ഉയരവും തുല്യമെന്നത് പിരമിഡിനെ സൂചിപ്പിക്കുന്നുവെന്ന് ചിലർ പറയുന്നു. അങ്ങിനെയെങ്കിൽ ഇത് ആകാശംമുട്ടെയുള്ളത് എന്ന് പറയപ്പെടുന്ന ബാബിലോണിലെ സിഗൂറത്തിനു സമാനമാണ്. വ്യാജവും അസ്ഥിരവുമായ ഈ പേഗൻ നഗരത്തിനു വിപരീതമാണ് സത്യവും ശാശ്വതവുമായ പുതിയ ജറുസലേം.

**21,17:** നൂറ്റിനാല്പ്പത്തിനാലു മുഴമെന്നത് നൂറ്റിനാല്പ്പത്തിനാലായിരത്തെ സുചിപ്പിക്കുന്നു.

**21,18-21:** പുരോഹിതന്റെ മാർപ്പതക്കത്തിലെ രത്നങ്ങളെ അനുസ്മരിപ്പിക്കുന്ന പന്ത്രണ്ടു രത്നങ്ങൾ (പുറ 28,17-21) സഭയുടെ മനോഹാരിതയും അമൂല്യതയുമാണ് ദ്യോതിപ്പിക്കുന്നത് (cf. പുറ 28,15-21; തോബി 13,6-17; ഏശ 54,11.12). സ്ഫടികസമാനമെന്നു പറയുന്നത്, സമൂഹം ദൈവമഹത്ത്വം പൂർണമായി വെളിപ്പെടുത്തുന്നുവെന്നു കാണിക്കാനായിരിക്കാം.

**21,22: ദേവാലയം കണ്ടില്ല:** പുതിയ ജറൂസലേമിൽ ദേവാലയം ഉണ്ടായിരിക്കുമെന്നായിരുന്നു പാരമ്പര്യമെങ്കിലും (എസെ 40-48; സഖ 14,16-21; തോബി 14,5), ഇത് വിശുദ്ധിയുടെ വിശുദ്ധസ്ഥലം തന്നെയായതിനാൽ ദൈവസാന്നിധ്യം സൂചിപ്പിക്കുന്ന ഒരു ദേവാലയത്തിന്റെ ആവശ്യം ഇവിടെയില്ല (cf. 1 കോറി 13,12; 15,20-28; 1 യോഹ 3,2; മത്താ 5,8). **... ദേവാലയം:** ദൈവംതന്നെ ദേവാലയമാണെന്നത് അപൂർവമായ പ്രസ്താവനയാണ് (ഏശ 8,14). ക്രൂശിതനും ഉത്ഥിതനുമായ യേശു ദേവാലയമാണെന്ന് യോഹ 2,19-22-ൽ കാണുന്നു.

**21,23: അതിന്റെ ദീപം കുഞ്ഞാടാണ്:** യേശു ലോകത്തിന്റെ പ്രകാശമാണെന്ന സന്ദേശം (cf. യോഹ 8,12; ഏശ 60,19; സങ്കീ 132,17). ബാബിലോണിലെ അന്ധകാരത്തിനു (വെളി 16,10) വിപരീതമാണിത്.

**21,24:** ജനതകളെല്ലാം ദൈവത്തിന്റെ മാർഗം അറിയുമെന്ന പ്രവാചകപ്രതീക്ഷകളുടെ പൂർത്തീകരണം (ഏശ 2,2-4; മിക്കാ 4,1-4; ജറെ 3,17; സങ്കീ 22,27.28).

**21,25:** ദൈവമഹത്ത്വം നിറഞ്ഞുനില്ക്കുന്ന ഈ നഗരത്തിന്റെ തുറന്നിട്ട കവാടങ്ങൾ പരിപൂർണ സുരക്ഷിതത്വം മാത്രമല്ല, രക്ഷ സ്വീകരിക്കുന്ന എല്ലാവർക്കും പ്രവേശനം അനുവദിക്കുന്നതും (cf. ഏശ 60.3.5.11) സൂചിപ്പിക്കുന്നു. സഭയുടെ കാതോലികത്വമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ദൈവമഹത്ത്വം നിറഞ്ഞുനില്ക്കുന്ന ഈ നഗരത്തിൽ എല്ലാ ജന

തകളും ഒന്നുചേരുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുമെന്ന (cf. വെളി 4,9.11; 5,12) പ്രതീക്ഷയാണ് അവർ മഹത്ത്വവും ബഹുമാനവും കൊണ്ടുവരുമെന്നു പറയുമ്പോൾ പ്രകടമാകുന്നത്.

**21,27:** അവിശുദ്ധമായതൊന്നും പ്രവേശിക്കുകയില്ല എന്നു പറയുന്നതിൽനിന്ന് ഇത് സ്വർഗീയസഭയെയാണ് സൂചിപ്പിക്കുന്നതെന്നു വ്യക്തമാണ്.

**22,1: ദൈവത്തിന്റെയും ...:** പുതിയ ജറുസലേമിൽ യേശുക്രിസ്തു പിതാവായ ദൈവവുമൊത്ത് ഭരണം നടത്തുന്നു. **ജീവജലത്തിന്റെ നദി:** ദൈവനഗരത്തിനു കുളിർമയേകുന്ന (സങ്കീ 46,1) ഏദൻതോട്ടത്തിലെ നദിക്കും (ഉത്പ 2,10) എസെക്കിയേൽ കണ്ട നദിക്കും (എസെ 47,1-12) സമാനമായ ഇത് ദൈവികജീവന്റെയും പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവിന്റെയും പ്രതീകമാണ് (21,6; യോഹ 7,38.39).

**22,2: ജീവന്റെ വൃക്ഷം:** ജീവന്റെ വൃക്ഷത്തിൽനിന്ന് (ഉത്പ 3,24) വിജയംവരിക്കുന്നവനു ഭക്ഷിക്കാൻ കൊടുക്കുമെന്ന വാഗ്ദാനം (വെളി 2,7) ഇവിടെ പൂർത്തിയാകുന്നു. **ഇലകൾ ജനതകളുടെ സൗഖ്യത്തിനുള്ളവയാണ്:** സൗഖ്യമെന്നത് ക്രിസ്തുവിൽ പൂർത്തിയായ രക്ഷയാണ് അർഥമാക്കുന്നത്. അവിശ്വാസികൾ രക്ഷയിലേക്കു വരുമെന്നാണ് ഇവിടെ ധ്വനി.

**22,3: ശപിക്കപ്പെട്ടതൊന്നും ...:** മനുഷ്യപാപംമൂലം ഭൂമി ശപിക്കപ്പെട്ടതായെങ്കിൽ (ഉത്പ 3,27) പുതിയലോകം ശാപത്തിൽനിന്നു വിമുക്തമാണ്. **ആരാധിക്കും:** ദൈവത്തെ ആരാധിക്കും എന്നതിന് ഇവിടടെ ഉപയോഗിച്ചിരിക്കുന്ന 'ലാത്രെവുഓ' എന്ന പദം ഭയഭക്തിയോടെ ആരാധിക്കുന്നതിനെയും (നിയ 10,12.13; ജോഷ്വ 24,24; ലൂക്കാ 1,74.45; റോമാ 1,9.10) പുരോഹിതശുശ്രൂഷ ചെയ്യുന്നതിനെയും (ഹെബ്രാ 8,5; 9,9; വെളി 7,15) സൂചിപ്പിക്കുന്നു. ഇസ്രായേൽജനം കർത്താവിന്റെ പുരോഹിതരാകുമെന്ന ഏശ 61,6-ലെ പ്രവചനമാണ് ഇവിടെ പൂർത്തിയാകുന്നത്.

**22,4: അവിടത്തെ മുഖം ദർശിക്കും:** ദൈവത്തിന്റെ മുഖം ദർശിക്കുകയെന്നത് ഏറ്റവും വലിയ പ്രത്യാശയും (സങ്കീ 11,7; 27,4; 42,27) ഏറ്റവും ഉന്നതമായ സ്വർഗീയ കൃപയുമാണ് (മത്താ 5,8; 1 കോറി 13,12). മോശയ്ക്കു നിഷേധിക്കപ്പെട്ട സൗഭാഗ്യം ദൈവജനത്തിനു ലഭിക്കുന്നു (പുറ 33,20). ഈ ദൈവാനുഭവത്തിലൂടെയാണ് മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം പൂർത്തിയാകുന്നത്. **അവിടത്തെ നാമം ...:** സ്വർഗീയജറുസലേമിലുള്ളവരെല്ലാം ദൈവത്തിന്റേതാണെന്ന പരസ്യപ്രഖ്യാപനമാണിത്. മഹാപുരോഹിതന്റെ നെറ്റിയിലും ദൈവത്തിന്റെ നാമം എഴുതപ്പെട്ടിരുന്നു. ദൈവജനം പുരോഹിതജനമായിരിക്കുമെന്ന് ഇതു വ്യക്തമാക്കുന്നു. ദൈവം നല്കുന്ന സുരക്ഷിതത്വവും നാമം അർഥമാക്കുന്നുണ്ട്.

**22,5: ... പ്രകാശിക്കുന്നു:** ദൈവാനുഗ്രഹത്തിന്റെയും കൃപയുടെയും പ്രതീകം (സംഖ്യ 6,25; സങ്കീ 4,6; 31,16). **അവർ എന്നും എന്നേക്കും വാഴും:** 'അവർ' എന്നത് ദൈവത്തെയും ദൈവജനത്തെയുമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ രാജത്വത്തിൽ പങ്കുചേർന്ന് ദൈവജനവുംവാഴുന്നു (5,10; 20,4.6) എന്നു പറയുമ്പോൾ ദൈവവും ദൈവജനവും ഒന്നായിത്തീർന്നു എന്നാണു മനസ്സിലേക്കേണ്ടത്. യേശുവും പിതാവും ശിഷ്യഗണവും ഒന്നായിത്തീരുമെന്ന യോഹന്നാന്റെ സുവിശേഷത്തിലെ ദർശനമാണ് (യോഹ 17,21) ഇവിടെ പൂർത്തിയാകുന്നത്. മനുഷ്യരക്ഷയെക്കുറിച്ച് വെളിപാടിലെ സമുന്നതമായ ദർശനമാണിത്.

**22,6-21:** ഗ്രന്ഥത്തിന്റെ ഉപസംഹാരത്തിൽ ആമുഖത്തിലെ ആശയങ്ങൾ ആവർത്തിക്കപ്പെടുന്നു. ഈ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം വിശ്വാസയോഗ്യവും സത്യവുമാണെന്ന് പ്രഖ്യാപിക്കുകയും യേശുതന്നെയാണ് യഥാർഥ രചയിതാവെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. യേശുവിന്റെ രണ്ടാംവരവിനായി കാത്തിരിക്കുന്ന ദൈവജനത്തിനു നല്കുന്ന ആശീർവാദത്തോടെയാണ് ഗ്രന്ഥം സമാപിക്കുന്നത്. വെളിപാടുഗ്രന്ഥത്തിന്റെ ലക്ഷ്യം ആമുഖത്തിലെന്നപോലെ ഇവിടെയും പ്രതിപാദിക്കുന്നു: ഇതിൽ വർണിച്ചിരിക്കുന്ന

രക്ഷയുടെ സമ്മാനം സ്വീകരിക്കാൻ ദൈവവചനത്തോടും യേശുവിന്റെ സാക്ഷ്യത്തോടും പരിപൂർണ്ണ വിശ്വസ്തത പുലർത്തുക.

**22,6: ഈ വചനങ്ങൾ ...:** വിശ്വാസയോഗ്യമായ ദൈവവചനത്തെ അടിസ്ഥാനമാക്കിയാണ് വിശ്വാസികളുടെ ജീവിതം ക്രമീകരിക്കേണ്ടത്. **പ്രവാചകാത്മാക്കൾ:** പ്രവാചകരെ പ്രചോദിപ്പിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവ്. ദൈവത്തിന്റെ സപ്താത്മാക്കളെക്കുറിച്ചുള്ള പരാമർശവും ഇത് ഓർമപ്പെടുത്തുന്നു.

**22,7: വേഗം വരുന്നു**: സമാപനരംഗത്തിൽ മൂന്നു തവണ ഇത് ആവർത്തിക്കപ്പെടുന്നു (22,7.12.20). ക്ലേശമനുഭവിക്കുന്ന സഭയ്ക്ക് ഇതു പ്രത്യാശയും ധൈര്യവും നല്കുന്നു. **അനുഗൃഹീതൻ :** അനുഗ്രഹവചസ്സുകളിൽ ആറാമത്തേത് വചനം കാക്കുന്നവർക്കുവേണ്ടിയുള്ളതാണ് (1,3).

**22,9:** ആമുഖത്തിലെന്നപോലെ ഇവിടെയും ഗ്രന്ഥകാരൻ തന്റെ പേരു വെളിപ്പെടുത്തി, ഇതിലെ ഉള്ളടക്കത്തിന്റെ വിശ്വാസ്യതയ്ക്ക് സാക്ഷ്യംനല്കുന്നു. ദൈവത്തെ മാത്രമാണ് ആരാധിക്കേണ്ടത് (19,10) എന്നത് വെളിപാടിലെ മുഖ്യപ്രമേയമാണ്.

**22,10: മുദ്രവയ്ക്കേണ്ടാ:** ഇതിലെ സന്ദേശം എല്ലാവരെയും അറിയിക്കാൻ വേണ്ടിയുള്ളതും ഇപ്പോൾ പ്രസക്തവുമാണ്. **സമയം അടുത്തിരിക്കുന്നു:** 'കയ്റോസ്' എന്ന ഗ്രീക്കു പദം ദൈവം ചരിത്രത്തിൽ ഇടപെടുന്ന നിർണായക സമയമാണ് അർഥമാക്കുന്നത്. കർത്താവിന്റെ വരവിനായി എപ്പോഴും ഒരുങ്ങിയിരിക്കാനും അവിടത്തേക്ക് സാക്ഷ്യംവഹിക്കാനും ഇവിടെ ആവശ്യപ്പെടുന്നു.

**22,11:** ഓരോരുത്തർക്കും സ്വാതന്ത്ര്യം നല്കപ്പെട്ടിരിക്കുന്നുവെന്നും അവർ താന്താങ്ങളുടെ പ്രവൃത്തികൾക്കനുസൃതം വിധിക്കപ്പെടുമെന്നുമാണ് ഇവിടെ അർഥമാക്കുന്നത്. അധർമികളുടെ ഉത്കർഷത്തിൽ ആശ്ചര്യപ്പെടുകയോ പീഡനങ്ങളിൽ മനംതകരുകയോ ചെയ്യാതെ വിശ്വാസം കാത്തുസൂക്ഷിക്കാനുള്ള ആഹ്വാനവും ഇവിടെയുണ്ട്.

**22,12: ഞാൻ വേഗം വരുന്നു:** 'വേഗം വരുന്നു'വെന്ന ഉത്ഥിതനായ യേശുവിന്റെ വചനം തന്റെ പുനരാഗമനം കാത്തിരിക്കുന്നവരെ ധൈര്യപ്പെടുത്തുന്നു. **പ്രവൃത്തിക്കനുസരിച്ച്:** നിത്യരക്ഷയുടെ അടിസ്ഥാനം വിശ്വാസംമാത്രമല്ല, രക്ഷയ്ക്കനുസൃതമായ പ്രവൃത്തിയുമാണ് (cf. വെളി 2,23; 14,13; 20,13; ജറെ 17,10; റോമാ 2,6).

**22,13:** ഇവിടെയുള്ള ആറു വിശേഷണങ്ങൾ യേശുവിന്റെ ദൈവത്വവും ചരിത്രം അതിന്റെ പൂർണതയിൽ എത്തിക്കാൻ അവിടത്തേക്കുള്ള ശക്തിയും വെളിപ്പെടുത്തുന്നു.

**22,14:** ഏഴ് അനുഗ്രഹവചസ്സുകളിൽ അവസാനത്തേതാണിത്. ജീവന്റെ വൃക്ഷം നിത്യജീവനെയും നഗരപ്രവേശനം സ്വർഗഭാഗ്യത്തെയും സൂചിപ്പിക്കുന്നു. **അങ്കികൾ കഴുകി ശുദ്ധിയാക്കുന്നവർ അനുഗൃഹീതർ:** ദാനമായി ലഭിക്കുന്ന രക്ഷ വിശ്വാസവും പ്രവൃത്തിയുംവഴി നാം സ്വന്തമാക്കേണ്ടതിന്റെ ഉത്തരവാദിത്വമാണ് ഇവിടെ ഓർമപ്പെടുത്തുന്നത്.

**22,15:** നിത്യനഗരത്തിൽ പ്രവേശനം നിഷേധിക്കപ്പെടുന്നവരുടെ പട്ടികയ്ക്കു സമാനമാണ് നിത്യാഗ്നിക്ക് ഇരയാകുന്നവരുടേത് (വെളി 21,8). നായ്ക്കൾ എന്നു വിശേഷിപ്പിക്കപ്പെടുന്നത് ക്രിസ്തുവിനെ ഉപേക്ഷിച്ച് അധാർമികതയിൽ മുഴുകുന്നവരാകാം (cf. സങ്കീ 59,6.14). 'വ്യാജം പറയുന്നവർ' (പ്സ്യൂഡോസ്) എന്ന പദമാണ് ഇവിടെയും 21,8-ലും 21,27-ലുമുള്ള പട്ടികകളിൽ അവസാനത്തേത്. വിശ്വാസം പ്രവൃത്തിയിൽ പ്രകടിപ്പിക്കാത്തവരും സഹനങ്ങൾ വരുമ്പോൾ വിശ്വാസത്യാഗംചെയ്യുന്നവരുമായ വ്യാജക്രിസ്ത്യാനികളാണിവർ. ഇവർക്കുള്ള താക്കീത് വെളിപാടിലെ മുഖ്യപ്രമേയങ്ങളിലൊന്നാണ്.

**22,16: ദാവീദിന്റെ വേരും സന്തതിയുമാണ്:** ദാവീദിന്റെ പുത്രനായ മിശിഹായെക്കുറിച്ചുള്ള പ്രവചനത്തിന്റെ (2 സാമു 7,12-17) പൂർത്തീകരണമാണിവിടെ കാണുന്നത്.

**പുലർകാലനക്ഷത്രം:** സൂര്യോദയം അടുത്തെത്തിയെന്നു കാണിക്കുന്ന നക്ഷത്രം. തിന്മയുടെ രാത്രി അവസാനിക്കാറായി, ദൈവരാജ്യം സമാഗതമായി എന്ന പ്രഖ്യാപനമാണിത്.

**22,17: മണവാട്ടി**: യുഗാന്തത്തിൽ യേശുവുമായി ഒന്നായിത്തീരുന്ന സഭയെയാണ് 'മണവാട്ടി' ചിത്രീകരിക്കുന്നത്. നിർമലതയും സ്നേഹവും വിശ്വസ്തതയും ദൃഢമൈത്രിയും ഇത് അർഥമാക്കുന്നു. 'വരുക'യെന്നത് ക്രിസ്തുവിനോടുള്ള പ്രാർഥനയാണ്. **കേൾക്കുന്നവൻ പറയട്ടെ:** രക്ഷയുടെ സദ്വാർത്ത സ്വീകരിക്കുന്നവർ അതു തുടർന്നു പ്രഘോഷിക്കാൻ കടപ്പെട്ടിരിക്കുന്നു. **ജീവന്റെ ജലം**: ദൈവികജീവനായി ദാഹിക്കുന്നവർ ആദ്യം ജീവജലത്തിന്റെ ഉറവിടമായ ദൈവത്തിലേക്കു (ജറെ 2,13) വരണം. യേശുവിലാണ് ജീവജലം സൗജന്യമായി ലഭ്യമാകുന്നത് (യോഹ 4,14; 6,35; 7,37).

**22,18–20:** ഈ ഗ്രന്ഥം ദൈവനിവേശിതഗ്രന്ഥമായി അവതരിപ്പിക്കപ്പെടുന്നു. ഇതിലെ രക്ഷാകരസന്ദേശം വളച്ചൊടിക്കുകയും തെറ്റായി പഠിപ്പിക്കുകയും ചെയ്യുന്നതിനെതിരെയുള്ള താക്കീതും (cf. നിയ 4,2; ഗലാ 1,8) കർത്താവിനോട് വിശ്വസ്തത പുലർത്താനുള്ള അവസാനത്തെ ആഹ്വാനവും ഇവിടെ കാണാം.

**22,20: ഞാൻ വേഗംവരുന്നു**: ക്രിസ്തുവിന്റെ രണ്ടാംവരവിനെക്കുറിച്ചു നല്കപ്പെടുന്ന ഉറപ്പ്. അവിടത്തെ പുനരാഗമനത്തിലാണ് ചരിത്രം അതിന്റെ ലക്ഷ്യത്തിലെത്തുന്നത്. **കർത്താവായ യേശുവേ വരുക**: അരമായ ഭാഷയിലെ 'മാറാനാത്താ' (കർത്താവേ, വരുക!) എന്ന പ്രാർഥന ക്രിസ്തീയ ആരാധനാസമൂഹങ്ങളിൽ നിരന്തരം ഉയരുന്ന പ്രാർഥനയാണ് (1 കോറി 16, 22).

**22,21:** കൃപയും സമാധാനവും ആശംസിച്ചുകൊണ്ട് ആരംഭിച്ച ഗ്രന്ഥം (1,5) അതേ ആശംസയോടെ ഉപസംഹരിക്കുന്നു. ഈ ഗ്രന്ഥത്തിലെ ആശയങ്ങൾ മനസ്സിലാക്കാനും പ്രാവർത്തികമാക്കാനും ദൈവകൃപ വായനക്കാരെ സഹായിക്കണമെന്നാണ് ഗ്രന്ഥകാരന്റെ പ്രാർഥന.

Prepared by
Dr. Johnson Puthussery CST
KCBC Bible Commission
Palarivattom, Kochi, Kerala